തഫ്സീർ മുയസ്സർ

ഫാതിഹഃ

ക്രോഡീകരണം

അബ്ദുൽ മുഹ്സിൻ ഐദീദ്

غَفَرَ اللَّـهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ

مكتبة أهل السنة
ahlussunna books

അഹ്ലുസ്സുന്ന ബുക്സ്

കോഴിക്കോട് –1

مكتبة أهل السنة
ahlussunna books

Thafseer Muyassar (Surathul Fathiha)

Abdul Muhsin Aydeed

1st Edition: 2026 February

ahlussunna books

Jawahar Building
Near Mathrubhumi, 2nd Railway Gate
K P Keshavamenon Road
Kozhikode - 1

Mob+ Whatsapp: 09947192018
Web: **www.ahlussunnabooks.org**
e-mail: ahlussunnabooks@gmail.com
FB: www.fb.com/ahlussunnabooks

Cover Design: Naseef Rafi

Price: ₹ 150

@all rights reserved

പ്രസാധകക്കുറിപ്പ്

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ഖുർആനും തിരുസുന്നത്തും വരച്ചുകാണിച്ചതും, സച്ചരിതരായ പൂർവ്വികർ (സലഫുസ്സ്വാലിഹുകൾ) സഞ്ചരിച്ചതുമായ സത്യത്തിന്റെ പാതയാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅഃ. നരകത്തിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനുമുള്ള ഒരേഒരു മാർഗം ആ വഴിയിലൂടെ ജീവിക്കുക എന്നതാണ്.

പ്രസ്തുത ബാധ്യത ഓർമിപ്പിക്കുന്നതും അതിലേക്കുള്ള മാർഗം എളുപ്പമാക്കുന്നതുമായ പഠനാർഹമായ പുസ്തകങ്ങൾ യാതൊരു വിധ കക്ഷിത്വങ്ങളുമില്ലാതെ -പ്രമാണങ്ങളോട് മാത്രം കൂറുപുലർത്തി- അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുക എന്നതാണ് അഹ്‌ലുസ്സുന്ന ബുക്സിന്റെ ലക്ഷ്യം إن شاء الله. അതിന്റെ ഭാഗമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ ഗ്രന്ഥവും. الحمد لله.

ഓരോ മുസ്‌ലിമും ദിനംപ്രതി ചുരുങ്ങിയത് 17 പ്രാവശ്യമെങ്കിലും പാരായണം ചെയ്യുന്ന, വിശുദ്ധ ഖുർആനിലെ ലളിതമായ 7 വചനങ്ങളാണ് സൂറതുൽ ഫാത്തിഹ. നിസ്കാരം നിർബന്ധമായതുകൊണ്ട് വിശിഷ്യാ സൂറതുൽ ഫാത്തിഹ പഠിക്കലും ഓരോ മുസ്‌ലിമിന്റെയും മേൽ നിർബന്ധമാണെന്നു പറയേണ്ടതില്ലല്ലോ.

ഖേദകരമെന്നു പറയട്ടെ, ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ ഇത്രയധികം ബന്ധം പുലർത്തുന്നതും ഖുർആനിലെ തന്നെ ഏറ്റവും ശ്രേഷ്ഠമായ അദ്ധ്യായവുമായ ഫാത്തിഹയുടെ അർത്ഥം പോലും അറിയാതെയാണ് ധാരാളം മുസ്‌ലിംകൾ അത് പാരായണം ചെയ്യുന്നത്. അതുകൊണ്ടുതന്നെ അതിന്റെ കുറ്റമറ്റ വ്യാഖ്യാനവും അവർക്കറിയില്ല.

ഇത്തരമൊരു പശ്ചാത്തലത്തിൽ സാധാരണക്കാരായ പൊതുജനങ്ങൾക്ക് വിശുദ്ധ ഖുർആൻ ലളിതമായി പഠിക്കാൻ അവസരമൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ തുടക്കം കുറിച്ചതാണ് തഫ്സീർ മുയസ്സർ എന്ന പേരിലുള്ള ലളിതമായ ഖുർആൻ വ്യാഖ്യാനം. അതിലെ തന്നെ ഏവരും പ്രതീക്ഷയോടെ കാത്തിരുന്ന സൂറതുൽ ഫാത്തിഹയുടെ അർത്ഥത്തോടു കൂടിയുള്ള ലളിതമായ വ്യാഖ്യാനമാണ് ഈ കൃതി.

അല്ലാഹുവിന്റെ കലാമിനെ സാധാരണക്കാർക്ക് എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന ഈ തഫ്സീർ ഗ്രന്ഥം വലിപ്പത്തിൽ ചെറുതാണെങ്കിലും ഓരോ ആയത്തുകളുടേയും അർത്ഥവും അവയുടെ അവതരണ പശ്ചാത്തലം ഉൾപ്പടെ സംക്ഷിപ്ത വ്യാഖ്യാനവും, അതോടൊപ്പം ഓരോ ആയത്തുകളിൽ നിന്നും ലഭിക്കുന്ന പാഠങ്ങളും ഉദ്ധരിച്ചുകൊണ്ട് സമ്പന്നമാക്കിയിട്ടുണ്ട്.

വിശ്വപ്രസിദ്ധങ്ങളായ തഫ്സീർ സഅദി, തഫ്സീർ മുയസ്സർ അടക്കമുള്ള ആറോളം ഖുർആൻ തഫ്സീറുകളെ അവലംബിച്ചു കൊണ്ട് എഴുതപ്പെട്ടതാണിത് എന്നത് ഇതിന്റെ ആധികാരികതയെ അറിയിക്കുന്നു. കൂടാതെ, ഈ തഫ്സീർ പേര് സൂചിപ്പിക്കും പോലെ (തഫ്സീർ മുയസ്സർ) അന്വർത്ഥമാക്കും വിധം അവ്യക്തതയും സംശയങ്ങൾക്കും ഇടംകൊടുക്കാതെ കാര്യങ്ങൾ വ്യക്തമായും ലളിതമായും അവതരിപ്പിക്കുന്നതാണ് ഇതിന്റെ ശൈലി. അതുകൊണ്ടുതന്നെ ഖുർആൻ പഠിതാക്കളായ സാധാരണക്കാർക്ക് ഇത് ഏറെ ഉപകരിക്കും എന്നതിൽ സംശയമില്ല.

ഏതായാലും നിലവിൽ മലയാളത്തിൽ പുറത്തിറങ്ങിയ മറ്റു തഫ്സീറുകളിൽ നിന്നെല്ലാം പലതുകൊണ്ടും വ്യത്യസ്തത പുലർത്തുന്ന ഈ ഈ തഫ്സീർ ഗ്രന്ഥം ഖുർആൻ പഠിതാക്കൾക്കും പ്രബോധകർക്കും സാധാരണക്കാർക്കുമെല്ലാം ഒരുപോലെ പ്രയോജനപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ മഹത്തായ സംരംഭത്തിന് മുന്നിട്ടുവരികയും അതിന്റെ പ്രസാധനം അഹ്ലുസ്സുന്ന ബുക്സിനെ ഏൽപിക്കുകയും ചെയ്ത സയ്യിദ് അബ്ദുൽ മുഹ്സിൻ ഐദീദിനോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും അർഹമായ പ്രതിഫലത്തിന് സർവ്വശക്തനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാരുണ്യവാനായ ഞങ്ങളുടെ റബ്ബേ, മലയാളികളായ സാധാരണക്കാർക്ക് നിന്റെ കലാമിനെ അടുത്തറിയാനും അതവരുടെ ഇഹപര ജീവിതത്തെ അത് സ്വാധീനിക്കാനും ഈ തഫ്സീർ നീയൊരു കാരണമാക്കേണമേ.. എന്നെന്നും അവശേഷിക്കുന്ന ഒരു സൽപ്രവർത്തനമായി ഞങ്ങളിൽ നിന്നും നീ ഇത് സ്വീകരിക്കുകയും ചെയ്യേണമേ!

മാനേജർ

അഹ്ലുസ്സുന്ന ബുക്സ്

ആമുഖം

الحَمْدُ لِلَّـهِ رَبِّ العَالَمِينَ، وَأَشْهَدُ أَلَّا إِلَهَ إِلَّا اللَّـهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّـهِ، اللَّهُمَّ صَلِّ وَسَلِّمْ وَبَارِكْ عَلَى نَبِيِّكَ مُحَمَّدٍ، وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ، أَمَّا بَعْدُ؛

വിശുദ്ധ ഖുർആനിന്റെ പ്രാഥമിക ഉദ്ദേശ്യവും പ്രധാന പാഠങ്ങളും സാധാരണ ജനങ്ങൾക്ക് ഗ്രഹിക്കാൻ ഉതകുന്ന ഒരു തഫ്സീർ എന്ന ലക്ഷ്യത്തോടെയാണ് തഫ്സീർ മുയസ്സർ എന്ന ഖുർആൻ വ്യാഖ്യാന പരമ്പരയുടെ ക്രോഡീകരണം ആരംഭിച്ചത്. ഖുർആനിലെ അവസാന മൂന്ന് ജുസ്ഉകൾ ഇതിന് മുൻപ് പുറത്തിറക്കിയിരുന്നു.

വിശുദ്ധ ഖുർആനിലെ ഒന്നാമത്തെ അദ്ധ്യായവും, ഏറ്റവും മഹത്തരമായ സൂറത്തുമായ ഫാതിഹഃയുടെ വിശദീകരണം എല്ലാ ജുസ്ഉകളോടുമൊപ്പം നൽകാൻ കഴിയുന്ന വിധത്തിൽ ഒരു ചെറുഗ്രന്ഥമായി പുറത്തിറക്കാം എന്ന നിർദേശത്തിന്റെ പുറത്താണ് ഈ പുസ്തകം ഇപ്പോൾ പുറത്തിറക്കുന്നത്.

എല്ലാ ദിവസവും നിസ്കാരത്തിൽ ആവർത്തിച്ചാവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഈ അദ്ധ്യായവുമായി ഒരു മുസ്‌ലിമിനുള്ള ബന്ധം അതിശക്തമാണ്. ഇതു കൊണ്ട് തന്നെ അനേകം പണ്ഡിതന്മാർ ഫാതിഹഃയുടെ വിശദീകരണത്തിന് മാത്രമായി വോള്യങ്ങളുള്ള ഗ്രന്ഥങ്ങൾ മുതൽ ചെറുപുസ്തകങ്ങൾ വരെ രചിച്ചിട്ടുണ്ട്. മഹാന്മാരായ ആ പണ്ഡിതന്മാരുടെ സേവനത്തിന്റെ കണ്ണികളിൽ ഈ ചെറിയ പരിശ്രമത്തെയും അല്ലാഹു ഉൾപ്പെടുത്തട്ടെ എന്ന് അല്ലാഹുവിനോട് യാചനയോടെ തേടുന്നു.

وَاللَّـهَ أَسْأَلُ أَنْ يَجْعَلَهُ لِوَجْهِهِ خَالِصًا، وَأَنْ يَكْتُبَهُ فِي مِيزَانِ حَسَنَاتِ جَامِعِهِ وَقَارِئِيهِ وَنَاشِرِيهِ، وَأَنْ يَنْفَعَ بِهِ المُسْلِمِينَ وَالمُسْلِمَاتِ، إِنَّ رَبِّي سَمِيعُ الدُّعَاءِ، وَهُوَ حَسْبُنَا وَنِعْمَ الوَكِيلُ.

ഇസ്തിആദഃ

വിശുദ്ധ ഖുർആൻ പാരായണം ചെയ്തു തുടങ്ങുന്നതിന് മുൻപ് ശപിക്കപ്പെട്ട പിശാചിൽ നിന്ന് രക്ഷ തേടാൻ അല്ലാഹു കൽപ്പിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ﴿٩٨﴾

"നീ ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക." (നഹ്ൽ: 98)

കാരണം ജനങ്ങളെ സത്യത്തിലേക്ക് നയിക്കുന്ന മാർഗദർശനവും, അവരുടെ ഹൃദയങ്ങളെ സുഖപ്പെടുത്തുന്ന ശമനവുമാണ് ഖുർആൻ. പിശാചാകട്ടെ, എല്ലാ തിന്മകളിലേക്കും വഴികേടുകളിലേക്കും നയിക്കുന്ന അടിസ്ഥാനകാരണവുമാണ്. ഇതു കൊണ്ട് തന്നെ, ഖുർആൻ പാരായണത്തിന് മുൻപ് പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും ദുർബോധനങ്ങളിൽ നിന്നും അല്ലാഹുവിനെ കൊണ്ട് രക്ഷ തേടുക എന്നത് ഏറ്റവും അനുയോജ്യമാണ്.

أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ : ഈ വാചകം പറഞ്ഞു കൊണ്ടാണ് ഖുർആൻ പാരായണത്തിന് മുൻപ് പിശാചിൽ നിന്ന് രക്ഷ തേടേണ്ടത് എന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. പിശാചിൽ നിന്നുള്ള ഈ രക്ഷാതേട്ടത്തിന് അറബിയിൽ 'ഇസ്തിആദഃ' (الاسْتِعَاذَةُ) എന്നാണ് പറയുക.

'ഇസ്തിആദഃ' വിശുദ്ധ ഖുർആനിന്റെ ഭാഗമല്ല എന്നത് പണ്ഡിതന്മാർക്കിടയിൽ സർവ്വാംഗീകൃതമാണ്. മുസ്ഹഫുകളിൽ ഇസ്തിആദഃ പ്രത്യേകം രേഖപ്പെടുത്തപ്പെടാത്തതിന്റെ കാരണം അതാണ്.

(أَعُوذُ بِاللَّهِ) : ഞാൻ അല്ലാഹുവിനോട് രക്ഷ തേടുകയും, അവനെ കൊണ്ട് മാത്രം അഭയം തേടുകയും ചെയ്യുന്നു.

(مِنَ الشَّيْطَانِ) : ജിന്നുകളിലും മനുഷ്യരിലും പെട്ട ധിക്കാരിക

ളായ സർവ്വരിൽ നിന്നും ഞാൻ രക്ഷ തേടുന്നു. അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിന്ന് അവർ എന്നെ വഴിതെറ്റിക്കുകയോ അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നതിൽ നിന്ന് എന്നെ തടയുകയോ ചെയ്യുന്നതിൽ നിന്ന്.

'അകൽച്ച'യെ അറിയിക്കുന്ന 'ശത്വന' എന്ന പദത്തിൽ നിന്നാണ് ശൈത്വാൻ എന്ന വാക്ക് വന്നിരിക്കുന്നത്. കാരണം; (1) പിശാചിന്റെ പ്രകൃതം മനുഷ്യരുടെ പ്രകൃതത്തിൽ നിന്ന് അകലെയാണ്. (2) അവന്റെ തിന്മകൾ കാരണത്താൽ നന്മകളിൽ നിന്നും അവൻ അകലെയാണ്. (3) അവന്റെ ധിക്കാരം കാരണത്താൽ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും അവൻ അകന്നിരിക്കുന്നു. (ഇബ്നു കഥീർ: 1/115, ത്വബ്രി: 1/109)

(الرَّجِيمِ) : ആട്ടിയകറ്റപ്പെട്ടവൻ എന്നർത്ഥം. പിശാച് എല്ലാ നിലക്കും -വാക്കാലും പ്രവർത്തിയാലും- ആട്ടിയകറ്റപ്പെട്ടവനാണ്. കാരണം; (1) അല്ലാഹുവിന്റെ ശാപവും ആക്ഷേപവും മുഖേന അവൻ ആട്ടിയകറ്റപ്പെട്ടിരിക്കുന്നു. (2) ഉപരിലോകത്ത് നിന്ന് അല്ലാഹു അവനെ ആട്ടിയകറ്റിയിരിക്കുന്നു. (3) ആകാശങ്ങളിൽ ഉൽക്കകളാലും നക്ഷത്രങ്ങളാലും പിശാച് എറിഞ്ഞോട്ടപ്പെടുന്നു. (സൂറ. മുൽക്: 5 നോക്കുക.) (4) എല്ലാ നന്മകളിൽ നിന്നും അവൻ ആട്ടിയകറ്റപ്പെട്ടിരിക്കുന്നു. (ഇബ്നു കഥീർ: 1/116, ത്വബ്രി: 1/110)

ഇസ്തിആദത്തിന്റെ ആശയം:

ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിന്റെ അടുക്കൽ ഞാൻ അഭയം തേടുന്നു.

(1) അവൻ എന്റെ മതപരമോ ഭൗതികമോ (ദീനിയായതോ ദുൻയവിയായതോ) ആയ കാര്യങ്ങളിൽ എനിക്ക് ഉപദ്രവമേൽപ്പിക്കുന്നതിൽ നിന്നും;

(2) അല്ലാഹു എന്നോട് കൽപ്പിച്ച കാര്യങ്ങൾ ഞാൻ പ്രവർത്തിക്കാതെ എന്നെ തടയുന്നതിൽ നിന്നും;

(3) അല്ലാഹു എന്നോട് വിലക്കിയ കാര്യങ്ങൾ പ്രവർത്തിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതിൽ നിന്നും; ഞാൻ അല്ലാഹു

വിനോട് രക്ഷ തേടുന്നു.

കാരണം പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് മനുഷ്യനെ തടുക്കാൻ അല്ലാഹുവിനല്ലാതെ കഴിയില്ല.

മനുഷ്യരിലെ ധിക്കാരികളായ പിശാചുക്കളുടെ കാര്യത്തിൽ അവരോട് നന്മയിൽ വർത്തിക്കാനും ഭംഗിയിൽ പെരുമാറാനുമാണ് അല്ലാഹു കൽപ്പിച്ചിട്ടുള്ളത്; കാരണം നന്മയിലേക്ക് മടങ്ങാനുള്ള പ്രകൃതത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

എന്നാൽ ജിന്നുകളിൽ പെട്ട ഇബ്‌ലീസിന്റെയും പിശാചുക്കളുടെയും കാര്യത്തിൽ അല്ലാഹു ഇപ്രകാരം കൽപ്പിച്ചില്ല. മറിച്ച്, അവരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷ തേടാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നാണ് അവൻ കൽപ്പിച്ചത്. കാരണം എന്തൊരു ഭംഗിയുള്ള പെരുമാറ്റവും അവന്റെ കാര്യത്തിൽ ഒരു പ്രയോജനവും ചെയ്യാൻ പോകുന്നില്ല. അവൻ പ്രകൃത്യാ തന്നെ ധിക്കാരിയും അതിക്രമിയുമാണ്. അവന്റെ ഉപദ്രവത്തിൽ നിന്ന് നിന്നെ രക്ഷിക്കാൻ അവന്റെ സ്രഷ്ടാവിനല്ലാതെ സാധിക്കുകയില്ല. (മിസ്ബാഹുൽ മുനീർ / ഇബ്നു കഥീർ: 23)

ഇസ്തിആദത്തിന്റെ പ്രയോജനങ്ങൾ:

1- വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക എന്നത് ഏറ്റവും മഹത്തരമായ നന്മകളിൽ പെട്ടതാണ്. അതിനാൽ ഈ നന്മയിൽ നിന്ന് മനുഷ്യനെ തടയാനുള്ള പിശാചിന്റെ ശ്രമവും കൂടുതൽ ശക്തമായിരിക്കും.

വസ്‌വാസുകളിലൂടെയും ദുർമന്ത്രണങ്ങളിലൂടെയും അവനെ അതിൽ നിന്ന് തടയാൻ പിശാച് പരമാവധി ശ്രമിക്കുന്നതാണ്. എന്നാൽ ഒരാൾ അല്ലാഹുവിനോട് ഇസ്തിആദഃ നടത്തുമ്പോൾ അവൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും അവനോട് രക്ഷ ചോദിക്കുകയുമാണ് ചെയ്യുന്നത്. അതോടെ അല്ലാഹു അവനെ സംരക്ഷിക്കുകയും പിശാചിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്നതാണ്. (മജ്മൂഉൽ ഫതാവാ: 7/283, സഅ്ദി: 449)

2- ഇസ്തിആദഃ ഒരേ സമയം അല്ലാഹുവിനോടുള്ള സഹായതേട്ടവും, അവന്റെ ശക്തിയെയും കഴിവിനെയും അംഗീകരിക്കലുമാണ്. അതോടൊപ്പം, താൻ അല്ലാഹുവിന്റെ അടിമയാണെന്നും, മറഞ്ഞിരിക്കുന്ന ഈ ശത്രുവിനെ നേരിടുന്നതിൽ താൻ അശക്തനും ദുർബലനുമാണെന്ന ഏറ്റുപറച്ചിലുമാണ്.

3- ഖുർആൻ പാരായണത്തിന് മുൻപ് നാവിൽ വന്നു പോയിട്ടുള്ള മോശം വാക്കുകളിൽ നിന്നുള്ള ശുദ്ധീകരണവും, നാവിന് ദിക്റിന്റെ സുഗന്ധം പകരലും, ഖുർആൻ പാരായണത്തിന് നാവിനെ ഒരുക്കി നിർത്തലും ഇസ്തിആദത്തിലൂടെ സാധിക്കുന്നു. (ഇബ്നു കഥീർ: 1/114)

4- വിശുദ്ധ ഖുർആൻ പാരായണം ആരംഭിക്കുന്ന വ്യക്തി നന്മയുടെ വഴിയിൽ യാത്ര ആരംഭിക്കുന്ന ഒരാളെ പോലെയാണ്. യാത്രക്കാരന്റെ മുൻപിൽ തന്റെ വഴിയിൽ തടസ്സം സൃഷ്ടിക്കുന്ന എന്തെങ്കിലും വന്നെത്തിയാൽ അത് എടുത്തു നീക്കിയ ശേഷമായിരിക്കുമല്ലോ അയാൾ യാത്ര തുടരുക.

എല്ലാ നന്മയുടെ വഴികളിലും തടസ്സവുമായി നിലകൊള്ളുന്ന പിശാച് ഖുർആൻ പാരായണത്തിന്റെ മുൻപിൽ കൂടുതൽ ശക്തമായ തടസ്സമാണ് സൃഷ്ടിക്കുക. അവന്റെ തടസ്സങ്ങളെ അതിജീവിക്കാൻ ഇസ്തിആദഃ സഹായിക്കുന്നു. (ഇഗാഥതുല്ലഹ്ഫാൻ / ഇബ്നുൽ ഖയ്യിം: 1/93-94)

സൂറത്തുൽ ഫാത്തിഹഃ

سُورَةُ الفَاتِحَةِ

സൂറത്തിന്റെ അവതരണഘട്ടം:

സൂറത്തുൽ ഫാതിഹഃയുടെ അവതരണഘട്ടം ഏതാണ് എന്നതിൽ പണ്ഡിതന്മാർക്ക് ഭിന്നവീക്ഷണങ്ങളുണ്ട്. മദീനയിലേക്കുള്ള ഹിജ്റക്ക് മുൻപ് അവതരിച്ച, 'മക്കിയ്യാ'യ സൂറത്തുകളിൽ പെട്ടതാണെന്ന അഭിപ്രായമാണ് ഏറ്റവും പ്രബലം. ബഹുഭൂരിപക്ഷത്തിന്റെയും അഭിപ്രായവും ഇത് തന്നെയാണ്. പ്രധാനമായും രണ്ട് തെളിവുകൾ ഈ പറഞ്ഞതിനുണ്ട്.

1- സൂറത്തുൽ ഹിജ്റിലെ 87-ാം വചനം.

وَلَقَدْ ءَاتَيْنَٰكَ سَبْعًا مِّنَ ٱلْمَثَانِى وَٱلْقُرْءَانَ ٱلْعَظِيمَ ﴿٨٧﴾

ഈ ആയത്തിൽ പരാമർശിക്കപ്പെട്ട, നബി -ﷺ- ക്ക് നൽകപ്പെട്ട ഏഴു വചനങ്ങൾ കൊണ്ട് ഉദ്ദേശ്യം സൂറത്തുൽ ഫാതിഹഃയാണെന്ന് ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. സൂറത്തുൽ ഹിജ്ർ മക്കയിൽ അവതരിച്ചതാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. അതിൽ നിന്ന് മനസ്സിലാക്കാവുന്നത് ഫാതിഹഃ മക്കയിൽ വെച്ച് അവതരിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. (ഇബ്നു കഥീർ: 1/101)

2- സൂറത്തുൽ ഫാതിഹഃ നിസ്കാരത്തിൽ നിർബന്ധമായും പാരായണം ചെയ്യപ്പെടേണ്ട, ഒഴിച്ചു കൂടാൻ പറ്റാത്ത സ്തംഭങ്ങളിൽ (റുക്ൻ) പെട്ടതാണ്. മക്കയിൽ വെച്ചു തന്നെ നിസ്കാരം മുസ്ലിംകൾ ആരംഭിച്ചിരുന്നു. ഫാതിഹഃയില്ലാത്ത ഒരു നിസ്കാരത്തെ കുറിച്ച് ചരിത്രത്തിൽ പരാമർശമില്ല. (ഇബ്നു അത്വിയ്യഃ: 1/65)

ആയത്തുകളുടെ എണ്ണം: 7.

സൂറത്തിന്റെ പേരുകളിൽ ചിലത്:

സൂറത്തുൽ ഫാതിഹഃക്ക് അനേകം പേരുകൾ സ്ഥിരപ്പെട്ടിട്ടുണ്ട്. ഈ പേരുകളും, അവയുടെ അർത്ഥവും തെളിവുകളും താഴെ നൽകാം.

1- ഫാതിഹതുൽ കിതാബ് (فَاتِحَةُ الكِتَابِ) :

عَنْ عُبَادَةَ بْنِ الصَّامِتِ: أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**لَا صَلَاةَ لِمَنْ لَمْ يَقْرَأْ بِفَاتِحَةِ الكِتَابِ**»

ഉബാദതു ബ്നു സ്വാമിത് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "'ഫാതിഹതുൽ കിതാബ്' പാരായണം ചെയ്യാത്തവന് നിസ്കാരമില്ല." (ബുഖാരി: 756, മുസ്‌ലിം: 394)

പ്രാരംഭം എന്നാണ് ഫാതിഹഃയുടെ അർത്ഥം. (1) മുസ്ഹഫിന്റെ പ്രാരംഭം ഫാതിഹഃയോട് കൂടിയാണ്. (2) നിസ്കാരത്തിന്റെ പ്രാരംഭത്തിൽ പാരായണം ചെയ്യപ്പെടുന്ന ഖുർആൻ ഫാതിഹഃയാണ്. (3) ഖുർആനിൽ ശേഷം വരുന്ന ആയത്തുകളുടെ പാരായണവും എഴുത്തുമെല്ലാം ഫാതിഹഃക്ക് ശേഷമാണുള്ളത്. ഇതെല്ലാം ഈ അദ്ധ്യായത്തിന് ഫാതിഹഃ എന്ന പേര് നൽകപ്പെടാനുള്ള കാരണങ്ങളിൽ പെട്ടതാണ്. (ത്വബ്‌രി: 1/105)

2- ഉമ്മുൽ ഖുർആൻ (أُمُّ القُرْآنِ) :

عَنْ أَبِي هُرَيْرَةَ رَضِيَ اللَّـهُ عَنْهُ، قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**أُمُّ القُرْآنِ هِيَ السَّبْعُ المَثَانِي وَالقُرْآنُ العَظِيمُ**»

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ഉമ്മുൽ ഖുർആൻ (അഥവാ, ഫാതിഹഃ); അതു തന്നെയാണ് ഏഴു സമാനവചനങ്ങളും മഹത്തരമായ വിശുദ്ധ ഖുർആനും."

കാര്യങ്ങളെയെല്ലാം ഒരുമിപ്പിക്കുന്നതും, മറ്റുള്ളവയുടെ മുൻപ് വന്നെത്തുന്നതുമായവയെ അറബികൾ 'ഉമ്മ്' എന്ന വിശേഷിപ്പിക്കാറുണ്ട്. ഫാതിഹഃ ഖുർആനിലെ മറ്റെല്ലാ അദ്ധ്യായങ്ങൾക്കും മുൻപ് നൽകപ്പെട്ടതാണ് എന്നതിൽ നിന്ന് 'ഉമ്മുൽ ഖുർആൻ' എന്ന പേരിന്റെ സാംഗത്യം മനസ്സിലാക്കാം. 'ഫാതിഹതുൽ കിതാബ്' എന്ന പേരിന്റെ ആശയവുമായി ആ നിലക്ക് ഈ പേര് സാമ്യമുള്ളതാണ് താനും. (ത്വബ്‌രി: 1/106-107)

3- ഉമ്മുൽ കിതാബ് (أُمُّ الكِتَابِ) :

عَنْ عَائِشَةَ رَضِيَ اللَّـهُ عَنْهَا، قَالَتْ: كَانَ النَّبِيُّ -ﷺ- يُخَفِّفُ الرَّكْعَتَيْنِ اللَّتَيْنِ قَبْلَ صَلَاةِ الصُّبْحِ حَتَّى إِنِّي لَأَقُولُ: هَلْ قَرَأَ بِأُمِّ الكِتَابِ؟

ആഇശാ -ﷺ- നിവേദനം: "സുബ്ഹി നിസ്കാരത്തിന് മുൻപുള്ള (സുന്നത്തായ) രണ്ട് റക്അത്തുകൾ നബി -ﷺ- വളരെ ലഘുവാക്കാറുണ്ടായിരുന്നു. (അവിടുത്തെ നിസ്കാരത്തിന്റെ ദൈർഘ്യക്കുറവ് കാരണത്താൽ) അവിടുന്ന് 'ഉമ്മുൽ കിതാബ്' പാരായണം ചെയ്തുവോ?! എന്ന് ഞാൻ പറഞ്ഞു പോവുക വരെ ചെയ്യാറുണ്ട്." (ബുഖാരി: 1165)

'ഉമ്മുൽ ഖുർആൻ' എന്ന പേരിനോട് ഏറെ സാദൃശ്യമുണ്ട് 'ഉമ്മുൽ കിതാബ്' എന്ന പേരിനും. മുസ്ഹഫുകളിൽ ആദ്യമായി രേഖപ്പെടുത്തപ്പെട്ട സൂറത്താണ് ഫാതിഹഃ എന്നതിനാലും, നിസ്കാരത്തിന്റെ ആരംഭത്തിൽ ഈ അദ്ധ്യായം പാരായണം ചെയ്യുന്നു എന്നതുമാണ് ഈ പേരിന്റെ കാരണം എന്ന് ഇമാം ബുഖാരി വിശദീകരിച്ചിട്ടുണ്ട്. (ബുഖാരി: 4744 -ാം ഹദീഥിന് മുൻപ്)

4- അസ്സബ്ഉൽ മഥാനീ (السَّبْعُ المَثَانِي) :

സൂറ. ഫാത്തിഹഃ ഖുർആനിലെ ഏറ്റവും മഹത്തരമായ അദ്ധ്യായമാണെന്ന് അറിയിക്കുന്ന, അബൂ സഈദ് അൽമുഅല്ലയുടെ ഹദീഥിൽ ഈ പദം വന്നിട്ടുണ്ട്. സൂറ. നഹ്ലിലെ 87-ാം വചനത്തിൽ ഈ പേര് പരാമർശിക്കപ്പെട്ടത് ആരംഭത്തി ൽ നൽകിയതും ഇവിടെ ചേർത്തു വായിക്കാവുന്നതാണ്.

'സബ്അ്' എന്നാൽ ഏഴ് എന്നാണ് അർത്ഥം. 'മഥാനീ' എന്നാൽ ആവർത്തിക്കപ്പെടുന്നത് എന്ന അർത്ഥം അതിനുണ്ട്; അതല്ലാത്ത അർത്ഥങ്ങളുമുണ്ട്. നിർബന്ധവും സുന്നത്തായതുമായ നിസ്കാരങ്ങളിൽ ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഏഴു വചനങ്ങൾ എന്നാണ് ഈ പേരിന്റെ ഉദ്ദേശ്യം എന്ന് ചിലർ വിവരിച്ചിട്ടുണ്ട്. (ത്വബ്രി: 1/105)

5- അൽഖുർആനുൽ അദ്വീം (القُرْآنُ العَظِيمُ) :

സൂറ. ഫാത്തിഹഃ ഖുർആനിലെ ഏറ്റവും മഹത്തരമായ അദ്ധ്യായമാണെന്ന് അറിയിക്കുന്ന, അബൂ സഈദ് അൽമുഅല്ലയുടെ ഹദീഥിൽ ഈ പദം വന്നിട്ടുണ്ട്. 'മഹത്തരമായ ഖുർആൻ' എന്നാണ് ഈ പേരിന്റെ അർത്ഥം. വിശുദ്ധ ഖുർആനി

ലെ എല്ലാ വിജ്ഞാനീയങ്ങളും സംക്ഷിപ്തമായി ഫാതിഹഃയിൽ ഉൾക്കൊണ്ടിട്ടുണ്ട്.

(1) അല്ലാഹുവിന്റെ പൂർണ്ണതയുടെയും മഹത്വത്തിന്റെയും വിശേഷണങ്ങൾ എടുത്തു പറഞ്ഞു കൊണ്ട് അവനെ സ്തുതിക്കുകയും, (2) ആരാധനകൾ നിർവ്വഹിക്കാനും, അവ അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കി 'ഇഖ്ലാസ്' കാത്തുസൂക്ഷിക്കാനും കൽപ്പിക്കുകയും, (3) അല്ലാഹുവിന്റെ സഹായമില്ലാതെ ആരാധനകൾ നിർവ്വഹിക്കാൻ കഴിയില്ലെന്ന് ഏറ്റുപറയിപ്പിക്കുകയും, (4) സ്വിറാത്വുൽ മുസ്തഖീമിലേക്ക് തന്നെ നയിക്കാൻ വേണ്ടി താഴ്മയോടെ തേടാൻ പഠിപ്പിക്കുകയും, (5) കരാറുകൾ ലംഘിക്കുകയും നിഷേധം സ്വീകരിക്കുകയും ചെയ്തവരുടെ മാർഗങ്ങളിൽ നിന്ന് രക്ഷ തേടാൻ ഓർമ്മപ്പെടുത്തുകയും ചെയ്തു കൊണ്ട് ഖുർആനിന്റെ അടിത്തറകൾ ഈ അദ്ധ്യായം ഉൾക്കൊണ്ടിരിക്കുന്നു. (ഖുർത്വുബി: 1/112)

6- സൂറത്തുൽ ഹംദ് (سُورَةُالحَمْدِ) :

സൂറത്തുൽ ഫാതിഹഃയുടെ ശ്രേഷ്ഠത വിവരിക്കുന്ന ഹദീഥിൽ ഫാതിഹഃയെ കുറിച്ച് നബി -ﷺ- അറിയിച്ചത് അതിന്റെ ആരംഭത്തിലുള്ള 'ഹംദ്' പാരായണം ചെയ്തു കൊണ്ടാണ്. 'ഹംദ്' കൊണ്ട് ആരംഭിക്കുന്നതിനാലാണ് സൂറത്തുൽ ഹംദ് എന്ന പേര് ഫാതിഹഃക്ക് നൽകപ്പെട്ടത്. (ഖുർത്വുബി: 1/111)

സൂറത്തിന്റെ ശ്രേഷ്ഠത:

അനേകം പ്രത്യേകതകളും ധാരാളം ശ്രേഷ്ഠതകളുമുള്ള അദ്ധ്യായമാണ് സൂറത്തുൽ ഫാതിഹഃ. ഹദീഥുകളിൽ വന്ന ചില ശ്രേഷ്ഠതകൾ ഇവിടെ നൽകാം.

1- ഏറ്റവും മഹത്തരമായ അദ്ധ്യായം.

عَنْ أَبِي سَعِيدِ بْنِ المُعَلَّى، قَالَ: مَرَّ بِيَ النَّبِيُّ -ﷺ- وَأَنَا أُصَلِّي، فَدَعَانِي فَلَمْ آتِهِ حَتَّى صَلَّيْتُ ثُمَّ أَتَيْتُ، فَقَالَ: «**مَا مَنَعَكَ أَنْ تَأْتِيَنِي؟**» فَقُلْتُ: كُنْتُ أُصَلِّي، فَقَالَ: «**أَلَمْ يَقُلِ اللَّهُ**: «**يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ**» ثُمَّ قَالَ: «**أَلاَ أُعَلِّمُكَ أَعْظَمَ سُورَةٍ فِي القُرْآنِ قَبْلَ أَنْ أَخْرُجَ مِنَ المَسْجِدِ**» فَذَهَبَ

النَّبِيُّ -ﷺ- لِيَخْرُجَ مِنَ المَسْجِدِ فَذَكَّرْتُهُ، فَقَالَ: «**الحَمْدُ لِلَّهِ رَبِّ العَالَمِينَ. هِيَ السَّبْعُ المَثَانِي، وَالقُرْآنُ العَظِيمُ الَّذِي أُوتِيتُهُ**»

അബൂ സഈദ് ബ്നുൽ മുഅല്ലാ -ؓ- നിവേദനം: ഞാൻ നിസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ നബി -ﷺ- എന്റെ അരികിലൂടെ നടന്നു പോയി. പിന്നീട് അവിടുന്ന് എന്നെ വിളിച്ചെങ്കിലും നിസ്കാരം കഴിയുന്നത് വരെ ഞാൻ അവിടുത്തെ അരികിലേക്ക് പോയില്ല.

പിന്നീട് ഞാൻ ചെന്നപ്പോൾ നബി -ﷺ- പറഞ്ഞു: "എന്തു കൊണ്ടാണ് നീ എന്റെ അരികിലേക്ക് വരാതിരുന്നത്?" ഞാൻ പറഞ്ഞു: "ഞാൻ നിസ്കരിക്കുകയായിരുന്നു." അപ്പോൾ നബി -ﷺ- പറഞ്ഞു: "അല്ലാഹു ഇപ്രകാരം പറഞ്ഞിട്ടില്ലേ?

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَجِيبُواْ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمۡ لِمَا يُحۡيِيكُمۡ

"നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക." (അൻഫാൽ: 24)

ശേഷം അവിടുന്ന് പറഞ്ഞു: "മസ്ജിദിൽ നിന്ന് പുറത്തിറങ്ങുന്നതിന് മുൻപ് വിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്തരമായ അദ്ധ്യായം ഞാൻ നിനക്ക് പഠിപ്പിച്ചു തരട്ടെയോ?"

പിന്നീട് നബി -ﷺ- മസ്ജിദിൽ നിന്ന് പുറത്തിറങ്ങാനായപ്പോൾ ഇക്കാര്യം ഞാൻ അവിടുത്തെ ഓർമ്മിപ്പിച്ചു.

അപ്പോൾ അവിടുന്ന് പറഞ്ഞു: "അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. [1] 'സബ്ഉൽ മഥാനീ'യും, എനിക്ക് നൽകപ്പെട്ട 'ഖുർആനുൽ അദ്വീമും' [2] അതാകുന്നു." (ബുഖാരി: 4703)

---

1 സൂറത്തുൽ ഫാതിഹഃയിലെ ആരംഭത്തിലുള്ള വചനമാണത്. 'ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും' എന്നാണ് അതിന്റെ അർത്ഥം. അദ്ധ്യായങ്ങളുടെ പ്രാരംഭവചനങ്ങൾ അവയുടെ പേരായി പറയുക എന്നത് വേറെയും ഹദീഥുകളിൽ കാണപ്പെടുന്ന രീതിയാണ്.

2 സബ്ഉൽ മഥാനീ, ഖുർആനുൽ അദ്വീം; ഇവ രണ്ടും ഫാതിഹഃയുടെ പേരുകളിൽ പെട്ടതാണെന്നും, അവയുടെ അർത്ഥം എ ന്താണെന്നും മുൻപ് വിശദീകരിച്ചിട്ടുണ്ട്.

2- മുഹമ്മദ് നബി -ﷺ- ക്ക് മുൻപ് മറ്റൊരു നബിക്കും നൽകപ്പെട്ടിട്ടില്ലാത്ത, അല്ലാഹുവിൽ നിന്നുള്ള പ്രകാശ മാണ് സൂറ. ഫാതിഹഃ.

عَنْ أَبِي سَعِيدِ بْنِ المُعَلَّى، قَالَ: مَرَّ بِيَ النَّبِيُّ -ﷺ- وَأَنَا أُصَلِّي، فَدَعَانِي فَلَمْ آتِهِ حَتَّى صَلَّيْتُ ثُمَّ أَتَيْتُ، فَقَالَ: «**مَا مَنَعَكَ أَنْ تَأْتِيَنِي؟**» فَقُلْتُ: كُنْتُ أُصَلِّي، فَقَالَ: «**أَلَمْ يَقُلِ اللَّهُ**: «**يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ**» ثُمَّ قَالَ: «**أَلاَ أُعَلِّمُكَ أَعْظَمَ سُورَةٍ فِي القُرْآنِ قَبْلَ أَنْ أَخْرُجَ مِنَ المَسْجِدِ**» فَذَهَبَ النَّبِيُّ -ﷺ- لِيَخْرُجَ مِنَ المَسْجِدِ فَذَكَّرْتُهُ، فَقَالَ: «**الحَمْدُ لِلَّهِ رَبِّ العَالَمِينَ. هِيَ السَّبْعُ المَثَانِي، وَالقُرْآنُ العَظِيمُ الَّذِي أُوتِيتُهُ**»

ഇബ്നു അബ്ബാസ് -رضي الله عنهما- നിവേദനം: ഒരിക്കൽ ജിബ്‌രീൽ -عليه السلام- നബി -ﷺ- യുടെ അരികിൽ ഇരിക്കുന്ന വേളയിൽ തന്റെ മുകളിൽ നിന്ന് (വാതിൽ തുറക്കുമ്പോൾ കേൾക്കുന്ന വിധത്തിലുള്ള) ഒരു ശബ്ദം കേൾക്കുകയും, അദ്ദേഹം തന്റെ തലയുയർത്തി നോക്കുകയും ചെയ്തു.

ജിബ്‌രീൽ -عليه السلام- പറഞ്ഞു: "ആകാശത്തിലുള്ള ഒരു വാതിലിതാ, തുറക്കപ്പെട്ടിരിക്കുന്നു. ഈ ദിവസത്തിന് മുൻപ് ആ വാതിൽ ഒരിക്കലും തുറക്കപ്പെട്ടിട്ടില്ല."

അങ്ങനെ അതിൽ നിന്ന് ഒരു മലക്ക് ഇറങ്ങി വന്നു. അപ്പോൾ ജിബ്‌രീൽ -عليه السلام- പറഞ്ഞു: "ഭൂമിയിലേക്ക് ഒരു മലക്കിതാ, ഇറങ്ങിവന്നിരിക്കുന്നു. ഈ ദിവസത്തിന് മുൻപ് ഒരിക്കലും ആ മലക്ക് ഇറങ്ങുകയുണ്ടായിട്ടില്ല."

അങ്ങനെ ആ മലക്ക് വന്നു സലാം പറഞ്ഞ ശേഷം ഇപ്രകാരം അറിയിച്ചു: "താങ്കൾക്ക് മുൻപ് ഒരു നബിക്കും അത് നൽകപ്പെട്ടിട്ടില്ലാത്ത, താങ്കൾക്ക് മാത്രമായി നൽകപ്പെട്ട രണ്ട് പ്രകാശങ്ങൾ കൊണ്ട് സന്തോഷിച്ചു കൊള്ളുക. 'ഫാതിഹതുൽ കിതാബും', സൂറത്തുൽ ബഖറയിലെ അവസാനവുമാണത്. [1] അവയിലെ ഏതൊരു വാക്ക് താങ്കൾ പാരായണം ചെയ്

1 സൂറത്തുൽ ബഖറയിലെ അവസാനം കൊണ്ട് ഉദ്ദേശം അവസാന രണ്ട് വചനങ്ങളാണ്; അവയിൽ അല്ലാഹുവിനോടുള്ള പ്രാർത്ഥനകളുണ്ട്.

താലും അത് താങ്കൾക്ക് നൽകപ്പെടാതിരിക്കുകയില്ല." (മുസ്ലിം: 806)

ആദ്യമായി തുറക്കപ്പെടുന്ന വാതിലിനെ കുറിച്ചും, ആദ്യമായി ഭൂമിയിലേക്ക് വന്നെത്തുന്ന മലക്കിനെ കുറിച്ചുമുള്ള പരാമർശം പറയാനുള്ള വിഷയത്തിന്റെ ഗൗരവം സൂചിപ്പിക്കുന്നു. സൂറത്തുൽ ഫാതിഹഃ അല്ലാഹു നബി -ﷺ- ക്ക് നൽകിയ പ്രകാശമാണെന്നും, അത് പോലുള്ള മറ്റൊന്ന് ഒരു നബിക്കും നൽകപ്പെടുകയുണ്ടായിട്ടില്ലെന്നും, അതിലെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകപ്പെടുമെന്ന വാഗ്ദാനം ചെയ്യുന്നതും ഈ അദ്ധ്യായത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നു.

3- ഫാതിഹഃ പാരായണം ചെയ്യാത്തവന് നിസ്കാരമില്ല.

عَنْ عُبَادَةَ بْنِ الصَّامِتِ: أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**لَا صَلَاةَ لِمَنْ لَمْ يَقْرَأْ بِفَاتِحَةِ الكِتَابِ**»

ഉബാദതു ബ്നു സ്വാമിത് -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "'ഫാതിഹതുൽ കിതാബ്' പാരായണം ചെയ്യാത്തവന് നിസ്കാരമില്ല." (ബുഖാരി: 756, മുസ്ലിം: 394)

നിസ്കാരമാണ് ഇസ്ലാമിലെ ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം. പരിശുദ്ധമായ വാക്കുകളും നന്മ നിറഞ്ഞ പ്രവർത്തനങ്ങളുമാണ് നിസ്കാരത്തിന്റെ ഉള്ളടക്കം. നിസ്കാരത്തിലെ ഏറ്റവും നിർബന്ധവും ശ്രേഷ്ഠവുമായ സംസാരം സൂറത്തുൽ ഫാതിഹഃയുടെ പാരായണമാണ്. അതിലെ ഏറ്റവും നിർബന്ധവും ശ്രേഷ്ഠവുമായ പ്രവർത്തനം സുജൂദുമാണ്. (ദഖാഇഖുത്തഫ്സീർ / ഇബ്നു തൈമിയ്യഃ: 1/171)

ഫാതിഹഃയുടെ പാരായണം നിസ്കാരത്തിന്റെ സ്തംഭങ്ങളിൽ പെട്ടതാണ്. ഫാതിഹഃക്ക് പകരം -ഫാതിഹഃ ഒഴികെ- ഒരാൾ ഖുർആൻ മുഴുവൻ പാരായണം ചെയ്താലും അയാളുടെ നിസ്കാരം സ്വീകരിക്കപ്പെടുകയില്ല എന്നത് ഫാതിഹഃയുടെ ഗൗരവവും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നു.

ഒരാൾ ബോധപൂർവ്വം ഇക്കാര്യം ഒഴിവാക്കിയാൽ അവന്റെ നിസ്കാരം സ്വീകരിക്കപ്പെടുകയില്ല. മറന്നു കൊണ്ട് ഒഴിവാക്കുകയും, ശേഷം ഓർമ്മ വരുകയും ചെയ്താൽ ഫാതിഹഃ നഷ്ട

മായ റക്അത്ത് വീണ്ടും മടക്കി നിസ്കരിക്കേണ്ടതുണ്ട്. ഫാതിഹഃയുടെ പാരായണവുമായി ബന്ധപ്പെട്ട പ്രത്യേകം കർമ്മശാസ്ത്ര വിധികൾ വേറെയുമുണ്ട്.

ഓരോ ദിവസവും ചുരുങ്ങിയത് 17 തവണ നിസ്കാരത്തിൽ ഒരാൾ ഈ അദ്ധ്യായം പാരായണം ചെയ്യുന്നുണ്ട്. ഇതോടൊപ്പം സുന്നത്ത് നിസ്കാരങ്ങൾ ചേരുകയാണെങ്കിൽ ഈ എണ്ണം വീണ്ടും വർദ്ധിക്കും. ഇതെല്ലാം സൂറത്തുൽ ഫാതിഹഃക്ക് മുസ്‌ലിമിന്റെ ജീവിതത്തിലുള്ള സ്വാധീനം അറിയിക്കുന്നതാണ്.

4- നിസ്കാരത്തിലെ ഫാതിഹഃയുടെ പാരായണം അല്ലാഹുവുമായുള്ള രഹസ്യസംഭാഷണമാണ്.

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ -ﷺ- قَالَ: «قَالَ اللَّـهُ تَعَالَى: قَسَمْتُ الصَّلَاةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ الْعَبْدُ: «الْحَمْدُ لِلَّـهِ رَبِّ الْعَالَمِينَ»، قَالَ اللَّـهُ تَعَالَى: حَمِدَنِي عَبْدِي، وَإِذَا قَالَ: «الرَّحْمَنِ الرَّحِيمِ»، قَالَ اللَّـهُ تَعَالَى: أَثْنَى عَلَيَّ عَبْدِي، وَإِذَا قَالَ: «مَالِكِ يَوْمِ الدِّينِ»، قَالَ: مَجَّدَنِي عَبْدِي وَقَالَ مَرَّةً فَوَّضَ إِلَيَّ عَبْدِي فَإِذَا قَالَ: «إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ» قَالَ: هَذَا بَيْنِي وَبَيْنَ عَبْدِي، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ: «اهْدِنَا الصِّرَاطَ الْمُسْتَقِيمَ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ» قَالَ: هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ»

അബൂ ഹുറൈറ -﵁- നിവേദനം: നബി -ﷺ- പറഞ്ഞു: അല്ലാഹു -ﷻ- പറഞ്ഞിരിക്കുന്നു: (നിസ്കാരത്തിലെ) ഖുർആൻ പാരായണത്തെ എനിക്കും എന്റെ അടിമക്കും ഇടയിൽ ഞാൻ രണ്ട് പകുതികളായി വീതിച്ചിരിക്കുന്നു. എന്റെ അടിമക്ക് അവൻ ചോദിക്കുന്നത് ഉണ്ടായിരിക്കും.

എന്റെ ദാസൻ 'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' എന്നു പറഞ്ഞാൽ; അല്ലാഹു പറയും: 'എന്റെ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു.'

എന്റെ ദാസൻ 'അർറഹ്മാനി റഹീം' എന്നു പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ എന്നെ വീണ്ടും സ്തുതിച്ചിരി

ക്കുന്നു.'

അവൻ 'മാലികി യൗമിദ്ദീൻ' എന്നു പറഞ്ഞാൽ അല്ലാഹു പറയും: "എന്റെ അടിമ എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു.' മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: "എന്റെ അടിമ (അവന്റെ കാര്യങ്ങൾ) എന്നെ ഏൽപ്പിച്ചിരിക്കുന്നു."

അവൻ 'ഇയ്യാക നഅബുദു വ ഇയ്യാക നസ്ത്ഈൻ' എന്നു പറഞ്ഞാൽ അല്ലാഹു പറയും: "ഇത് എനിക്കും എന്റെ അടിമക്കും ഇടയിലുള്ള കരാറാണ്. എന്റെ അടിമക്ക് അവൻ ചോദിക്കുന്നത് ഉണ്ട്."

അവൻ 'ഇഹ്ദിനസ്സ്വിറാത്വൽ മുസ്ത്വഖീം ... വലദ്ദ്വാലീൻ' എന്നു പറഞ്ഞാൽ അവൻ പറയും: "ഇത് എന്റെ അടിമക്ക് ഉണ്ട്. എന്റെ അടിമക്ക് അവൻ ചോദിച്ചത് ഉണ്ട്." (മുസ്‌ലിം: 395)

ഫാതിഹഃയുടെ ആശയം ഗ്രഹിക്കാൻ സഹായിക്കുന്ന ഏറ്റവും നല്ല വാക്കുകളാണ് അബൂ ഹുറൈറ -رضي الله عنه- നിവേദനം ചെയ്ത ഈ ഹദീഥിലുള്ളത്. ഇബ്നുൽ ഖയ്യിം പറയുന്നു: "നിസ്കരിക്കുന്ന ഓരോ വ്യക്തിയും ഫാതിഹഃ പാരായണം ചെയ്യുമ്പോൾ അതിലെ ഓരോ വചനങ്ങൾക്ക് മുൻപിലും തന്റെ റബ്ബിന്റെ ഉത്തരം പ്രതീക്ഷിക്കുന്നത് പോലെ നിൽക്കട്ടെ. 'എന്റെ ദാസൻ എന്നെ സ്തുതിച്ചിരിക്കുന്നു' എന്ന് അവന്റെ റബ്ബ് അവനോട് പറയുന്നത് അവൻ കേൾക്കുന്നത് പോലെ..." (ബദാഇഉത്തഫ്സീർ / ഇബ്നുൽ ഖയ്യിം: 1/42)

5- സൂറത്തുൽ ഫാതിഹഃ -അല്ലാഹുവിന്റെ അനുമതിയോടെ- രോഗങ്ങളിൽ നിന്ന് ശമനമേകുന്ന ഔഷധമാണ്.

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ -ﷺ- قَالَ: «**قَالَ اللَّـهُ تَعَالَى: قَسَمْتُ الصَّلَاةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ الْعَبْدُ: «الْحَمْدُ لِلَّـهِ رَبِّ الْعَالَمِينَ»، قَالَ اللَّـهُ تَعَالَى: حَمِدَنِي عَبْدِي، وَإِذَا قَالَ: «الرَّحْمَنِ الرَّحِيمِ»، قَالَ اللَّـهُ تَعَالَى: أَثْنَى عَلَيَّ عَبْدِي، وَإِذَا قَالَ: «مَالِكِ يَوْمِ الدِّينِ»، قَالَ: مَجَّدَنِي عَبْدِي وَقَالَ مَرَّةً فَوَّضَ إِلَيَّ عَبْدِي فَإِذَا قَالَ: «إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ» قَالَ: هَذَا بَيْنِي وَبَيْنَ عَبْدِي،**

وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ: «اهْدِنَا الصِّرَاطَ الْمُسْتَقِيمَ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ» قَالَ: هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ»

അബൂ സഈദ് അൽഖുദ്‌രി -ﷺ- നിവേദനം: നബി -ﷺ- യുടെ സ്വഹാബികളിൽ ചിലർ ഒരു യാത്രയിലായിരുന്നു. അങ്ങനെ (യാത്രക്കിടയിൽ) ഒരു അറബി ഗോത്രത്തിൽ അവർ രാത്രി എത്തിപ്പെട്ടു. അവിടെയുള്ളവരോട് തങ്ങളെ സ്വീകരിക്കാൻ അവർ ആവശ്യപ്പെട്ടുവെങ്കിലും അവർ അതിന് തയ്യാറായില്ല. (അങ്ങനെയിരിക്കെ അന്നു രാത്രി) ആ ഗോത്രത്തിന്റെ തലവന് വിഷമേറ്റു. അയാളെ രക്ഷപ്പെടുത്താൻ അവർ സാധ്യമായതെല്ലാം ചെയ്തുവെങ്കിലും അതൊന്നും അയാളുടെ കാര്യത്തിൽ പ്രയോജനം ചെയ്തില്ല.

അപ്പോൾ അവരിൽ ചിലർ പറഞ്ഞു: "(നമ്മുടെ നാട്ടിൽ) തമ്പടിച്ചിട്ടുള്ള ആ യാത്രക്കാരുടെ അടുത്ത് പോയിനോക്കിയാലോ..? അവരുടെ പക്കൽ എന്തെങ്കിലും വഴിയുണ്ടായിരിക്കാം." അങ്ങനെ അവർ സ്വഹാബികളുടെ അടുക്കൽ വന്നെത്തി.

അവർ പറഞ്ഞു: "അല്ലയോ (യാത്രാ)സംഘമേ! ഞങ്ങളുടെ നേതാവിന് വിഷമേറ്റിരിക്കുന്നു. ഞങ്ങൾ എല്ലാ വഴികളും ശ്രമിച്ചു നോക്കിയെങ്കിലും അതൊന്നും അദ്ദേഹത്തിന് പ്രയോജനം ചെയ്യുന്നില്ല. നിങ്ങളിൽ ആരുടെയെങ്കിലും പക്കൽ എന്തെങ്കിലും മാർഗമുണ്ടോ?!"

സ്വഹാബികളിൽ ചിലർ പറഞ്ഞു: "അതെ. അല്ലാഹു സത്യം! ഞാൻ മന്ത്രിച്ചു നൽകാറുണ്ട്. എന്നാൽ -അല്ലാഹു തന്നെ സത്യം!- ഞങ്ങൾ നിങ്ങളോട് ആതിഥ്യമേകാൻ ആവശ്യപ്പെട്ടപ്പോൾ നിങ്ങൾ അതിന് തയ്യാറായില്ല. അതിനാൽ ഞങ്ങൾക്ക് എന്തെങ്കിലുമൊരു പ്രതിഫലം നിശ്ചയിക്കാതെ ഞാൻ നിങ്ങൾക്ക് മന്ത്രിച്ചു തരുന്നതല്ല."

അങ്ങനെ ഒരു കൂട്ടം ആടുകളെ നൽകാം എന്ന കരാറിൽ അവർ പരസ്പരം രഞ്ജിപ്പിലെത്തി. അങ്ങനെ ഈ സ്വഹാബി അദ്ദേഹത്തിന്റെ മേൽ മന്ത്രിച്ചൂതുകയും, സൂറത്തുൽ ഫാതിഹഃ ഓതുകയും ചെയ്തു കൊണ്ടിരുന്നു. അതോടെ -ഒരു വേദനയോ

പ്രയാസമോ ഇല്ലാത്ത വിധത്തിൽ- ഈ മനുഷ്യന്റെ കെട്ട് അഴിഞ്ഞു മാറിയത് പോലെ. മുൻപ് പറഞ്ഞുറപ്പിച്ച ആടുകളെ അവർ സ്വഹാബികൾക്ക് പ്രതിഫലമായി നൽകുകയും ചെയ്തു.

അപ്പോൾ സ്വഹാബികളിൽ ചിലർ പറഞ്ഞു: "നിങ്ങൾ ഇത് വീതം വെക്കൂ." എന്നാൽ മന്ത്രിച്ചൂതിയ സ്വഹാബി പറഞ്ഞു: "നബി -ﷺ- യുടെ അരികിൽ നമ്മൾ എത്തുകയും, അവിടുത്തോട് സംഭവിച്ചതെല്ലാം വിവരിക്കുകയും, അവിടുന്ന് നമ്മോട് കൽപ്പിക്കുന്നത് എന്താണെന്ന് അറിയുകയും ചെയ്യുന്നത് വരെ നിങ്ങൾ അത് ചെയ്യരുത്."

അങ്ങനെ അവർ നബി -ﷺ- യുടെ അടുത്ത് എത്തുകയും, അവിടുത്തോട് കാര്യങ്ങൾ വിവരിക്കുകയും ചെയ്തപ്പോൾ അവിടുന്ന് പറഞ്ഞു: "സൂറത്തുൽ ഫാതിഹഃ മന്ത്രമാണെന്ന് നിനക്ക് എങ്ങനെയാണ് മനസ്സിലായത്?" ശേഷം അവിടുന്ന് പറഞ്ഞു: "നിങ്ങൾ ചെയ്തത് ശരി തന്നെ! നിങ്ങൾക്ക് ലഭിച്ചത് വീതം വെച്ചോളൂ. എനിക്കും അതിൽ നിന്ന് നിങ്ങൾ ഒരു പങ്ക് നൽകൂ." അതു പറഞ്ഞു കൊണ്ട് അവിടുന്ന് -ﷺ- ചിരിക്കുകയുണ്ടായി. (ബുഖാരി: 2286)

സൂറ. ഫാതിഹഃയുടെ പാരായണം വിഷബാധയേറ്റ ഈ മനുഷ്യന് -മറ്റു മരുന്നുകളുടെ ആവശ്യമൊന്നുമില്ലാതെ തന്നെ- ശമനമായി മാറി എന്ന് ഈ ഹദീഥ് അറിയിക്കുന്നു. മറ്റേതു മരുന്നു കൊണ്ടും ലഭിക്കാത്ത വിധത്തിലുള്ള ശമനം അയാളുടെ കാര്യത്തിൽ ഫാതിഹഃ കൊണ്ട് ഉണ്ടായി എന്നു പറയാം.

വിഷബാധയേറ്റ ആ വ്യക്തി മുസ്‌ലിമായിരുന്നില്ല, അവർ മര്യാദയില്ലാത്തവരും പിശുക്കുള്ളവരുമായിരുന്നു എന്നിങ്ങനെ ഇസ്‌ലാമിക മന്ത്രം ഫലിക്കാൻ വേണ്ടിയിരുന്ന പല ഘടകങ്ങളും അയാളിൽ ഇല്ലാതിരുന്നിട്ടും സൂറത്തുൽ ഫാതിഹഃ അയാളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട് എങ്കിൽ അനുയോജ്യമാ യ ഒരാളുടെ കാര്യത്തിൽ അതിന്റെ സ്വാധീനം എത്ര ശക്തമായിരിക്കും എന്ന് ചിന്തിച്ചു നോക്കൂ! (ബദാഇഉത്തഫ്സീർ / ഇബ്നുൽ ഖയ്യിം: 1/31)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* എല്ലാ സ്തുതികീർത്തനങ്ങൾ കൊണ്ടും അല്ലാഹുവിനെ സ്തുതിക്കുകയും, അവൻ മാത്രമാണ് സർവ്വതിനെയും സൃഷ്ടിക്കുകയും ഉടമപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ലോകങ്ങളുടെ രക്ഷിതാവ് എന്ന ഏകദൈവവിശ്വാസം വിവരിക്കുകയും ചെയ്യൽ.

* സർവ്വ രൂപത്തിലുമുള്ള ആരാധനകൾക്കുള്ള അവകാശം അല്ലാഹുവിന് മാത്രമാണുള്ളത് എന്ന, ഇസ്‌ലാമിലെ പരമ പ്രധാനമായ തൗഹീദിന്റെ പ്രഖ്യാപനം.

* അല്ലാഹുവിന്റെ അത്യുത്തമമായ നാമങ്ങളിലും (الأَسْمَاءُ الحُسْنَى), അതിമഹത്തരമായ വിശേഷണങ്ങളിലുമുള്ള (الصِّفَاتُ العُلَا) വിശ്വാസത്തെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ.

* മനുഷ്യരുടെ മരണശേഷം പുനരുത്ഥാനം ഉണ്ടായിരിക്കുമെന്നും, അവിടെ അവരുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്ന പരലോകജീവിതം ഉണ്ടെന്നുമുള്ള ഓർമ്മപ്പെടുത്തൽ.

* ശരിയായ മതത്തിലേക്കും നേരായ മാർഗത്തിലേക്കും നയിക്കാൻ വേണ്ടി അല്ലാഹുവിനോട് തേടുകയും, അവനോട് പ്രാർത്ഥിക്കുകയും ചെയ്യൽ. അതോടൊപ്പം ആ മാർഗത്തിൽ മുന്നോട്ടു പോകാനുള്ള സൗഭാഗ്യവും, അതിൽ ഉറച്ചു നിൽക്കാനുള്ള സഹായവും നൽകാൻ വേണ്ടിയുള്ള തേട്ടവും.

* സന്മാർഗത്തിലൂടെ ചരിച്ചവരുടെ വഴിയെ കുറിച്ചും, വഴി തെറ്റുകയും അല്ലാഹുവിന്റെ കോപത്തിന് വിധേയരാവുകയും ചെയ്തവരുടെ മാർഗത്തിൽ നിന്ന് അകലം പാലിക്കേണ്ടതിനെ കുറിച്ചും ഓർമ്മപ്പെടുത്തൽ.

ആയത്ത് 1

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١

1. 'റഹ്മാനും' 'റഹീമു'മായ അല്ലാഹുവിന്റെ നാമത്തിൽ.

തഫ്സീർ

1. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചു കൊണ്ട് -അതിലൂടെ അവനോട് സഹായം തേടിക്കൊണ്ടും, അവന്റെ നാമം ഉച്ചരിക്കുന്നതിലെ 'ബറകത്ത്' (അനുഗ്രഹം) തേടിക്കൊണ്ടും- ഞാൻ ഖുർആൻ പാരായണം ആരംഭിക്കുന്നു.

'ബിസ്മി'യിൽ [1] അല്ലാഹുവിന്റെ മൂന്ന് നാമങ്ങളാണുള്ളത്.

1- അല്ലാഹു; ലോകങ്ങളുടെ സ്രഷ്ടാവും രക്ഷാധികാരിയുമായ ഏക ആരാധ്യനായ ദൈവത്തിന്റെ നാമമാണ് അല്ലാഹു എന്നത്. അല്ലാഹുവിന്റെ ഏറ്റവും പ്രത്യേകമായ നാമമാണത്. ഈ പേര് ലോകസ്രഷ്ടാവിനെ കുറിച്ചല്ലാതെ മറ്റൊരാളെ കുറിച്ചും പറയുക പാടില്ല.

2- അർ-റഹ്മാൻ (الرَّحْمَنُ); സർവ്വവിശാലമായ, എല്ലാ സൃഷ്ടികളെയും വലയം ചെയ്യുന്ന കാരുണ്യം വിശേഷണമായുള്ളവൻ എന്നർത്ഥം.

3- അർ-റഹീം (الرَّحِيمُ); താൻ ഉദ്ദേശിക്കുന്ന സൃഷ്ടികളിലേക്ക് എത്തുന്ന വിശാലമായ കാരുണ്യത്തിന്റെ ഉടമയായുള്ളവൻ. തന്റെ ദാസന്മാരിൽ നിന്ന് വിശ്വസിച്ചവർക്ക് അവൻ പ്രത്യേകമായ കാരുണ്യം ചൊരിയുകയും ചെയ്യുന്നു.

'അല്ലാഹു'; അതിമഹത്തരമായ നാമം:

ആകാശലോകങ്ങളുടെ സ്രഷ്ടാവും രക്ഷാധികാരിയുമായ ഏകആരാധ്യന്റെ നാമമാണ് അല്ലാഹു എന്നത്. അവന്റെ നാമങ്ങളിൽ ഏറ്റവും മഹത്തരമായ നാമം അല്ലാഹു എന്നതാണ്.

---

1 'ബിസ്മില്ലാഹി റഹ്മാനി റഹീം' എന്ന ഈ വാചകം ചൊല്ലുന്നതിന് 'ബിസ്മി ചൊല്ലുക' എന്ന് ചുരുക്കരൂപത്തിൽ പറയാറുണ്ട്. അറബിയിൽ 'ബസ്മലഃ' (البَسْمَلَةُ) എന്നും പറയാറുണ്ട്.

വിശുദ്ധ ഖുർആനിൽ ഏറ്റവുമധികം തവണ പരാമർശിക്കപ്പെട്ട നാമവും 'അല്ലാഹു' എന്നത് തന്നെയാണ്.

ഇതു കൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ മറ്റു നാമങ്ങളെല്ലാം ഈ നാമത്തിലേക്ക് ചേർക്കപ്പെട്ടത്. 'അല്ലാഹുവിന്റെ പേരാണ് റഹ്മാൻ', 'അല്ലാഹുവിന്റെ പേരാണ് റഹീം' എന്നിങ്ങനെയാണ് ഖുർആനിൽ വായിക്കാൻ കഴിയുക. എന്നാൽ 'റഹ്മാനിന്റെ പേരാണ് അല്ലാഹു' എന്നോ മറ്റോ ഖുർആനിൽ വന്നിട്ടില്ല.

അല്ലാഹു പറയുന്നു:

وَلِلَّهِ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰ فَٱدۡعُوهُ بِهَاۖ وَذَرُواْ ٱلَّذِينَ يُلۡحِدُونَ فِيٓ أَسۡمَٰٓئِهِۦۚ سَيُجۡزَوۡنَ مَا كَانُواْ يَعۡمَلُونَ

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും." (അഅ്റാഫ്: 180)

عَنْ أَبِي هُرَيْرَةَ رَضِيَ اللَّـهُ عَنْهُ: أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**إِنَّ لِلَّـهِ تِسْعَةً وَتِسْعِينَ اسْمًا مِائَةً إِلَّا وَاحِدًا، مَنْ أَحْصَاهَا دَخَلَ الجَنَّةَ**»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "തീർച്ചയായും അല്ലാഹുവിന് തൊണ്ണൂറ്റി ഒൻപത് നാമങ്ങളുണ്ട്; നൂറിൽ ഒന്ന് കുറവ്. ആരെങ്കിലും അവ 'ഇഹ്സ്വാഅ്' ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്." (ബുഖാരി: 2736, മുസ്‌ലിം: 2677)

'ഇഹ്സ്വാഅ്' എന്നത് കൊണ്ട് ഉദ്ദേശ്യം മൂന്ന് കാര്യങ്ങളാണ്; (1) അല്ലാഹുവിന്റെ നാമങ്ങൾ മനഃപാഠമാക്കുക. (2) അവയുടെ ആശയവും ഉദ്ദേശ്യവും ഗ്രഹിക്കുക. (3) അവയുടെ സ്വാധീനം ഇബാദത്തുകളിലും പ്രാർത്ഥനകളിലും ഉണ്ടായിരിക്കുക.

'ബിസ്മി' ഫാതിഹഃയിൽ പെട്ടതാണോ?

ബിസ്മി ഫാതിഹഃ സൂറത്തിന്റെ ഭാഗമാണോ എന്നതിൽ പണ്ഡിതന്മാർക്ക് വിഭിന്ന വീക്ഷണങ്ങളുണ്ട്. ഫാതിഹഃയുടെ ആരംഭത്തിൽ വേറിട്ടു നിലകൊള്ളുന്ന ഒരു ആയത്ത് തന്നെയാണെന്ന് അഭിപ്രായപ്പെട്ടവരും, ഫാതിഹഃയുടെ ഭാഗമായ ആയത്താണെന്നും, ഫാതിഹഃയുടെ ഭാഗമല്ലെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. (ഇബ്നു കഥീർ: 1/101)

കൂടുതൽ ശക്തമായ വീക്ഷണമായി മനസ്സിലാവുന്നത് 'ബിസ്മി' ഫാതിഹഃയിൽ പെട്ടതല്ല എന്ന അഭിപ്രായമാണ്. ഹനഫി മദ്ഹബിലെ ഭൂരിപക്ഷം പേരുടെയും, മാലികീ-ഹമ്പലീ മദ്ഹബുകളുടെ വീക്ഷണവും ഇതാണ്. മദീനയിലെ ഖുർറാഉകളുടെയും ഫുഖഹാക്കളുടെയും വീക്ഷണവും ഇപ്രകാരമായിരുന്നു. ഇമാം ത്വബരി, ഇബ്നുൽ അറബി, ഇബ്നു അത്വിയ്യഃ, ഖുർത്വുബി, ഇബ്നു തൈമിയ്യഃ തുടങ്ങിയവർ ശരിയാണെന്ന് അഭിപ്രായപ്പെട്ടതും ഈ വീക്ഷണമാണ്.

സൂറത്തുൽ ഫാതിഹഃയുടെ പാരായണം അല്ലാഹുവിനും അവന്റെ ദാസനുമിടയിൽ രണ്ടായി പകുത്തിരിക്കുന്നു എന്ന് വിവരിക്കുന്ന അബൂഹുറൈറ -ﷺ- വിന്റെ ഹദീഥ് ഇതിനുള്ള തെളിവാണ്. അതിൽ ഫാതിഹഃയുടെ പാരായണം 'ഹംദിന്റെ' ആയത്ത് മുതലാണ് നബി -ﷺ- ആരംഭിക്കുന്ന ത്. സൂറത്തുൽ ഫാതിഹഃ ഏഴ് ആയത്തുകളാണ് എന്നത് ഏകാഭിപ്രായമുള്ള കാര്യമാണ്; ഈ ഹദീഥിൽ നബി -ﷺ- ഹംദ് മുതലാണ് ഫാതിഹഃ എണ്ണിത്തുടങ്ങുന്നത്. 'ബിസ്മി' ഫാതിഹഃയുടെ ഭാഗമാണെങ്കിൽ ഈ വേർതിരിക്കൽ സാധ്യമാകില്ല എന്ന് ചിന്തിച്ചാൽ മനസ്സിലാക്കാം. (കശ്ശാഫുൽ ഖനാഅ് / ബുഹൂതി: 1/335)

ഈ വീക്ഷണങ്ങളെ ഒരുമിപ്പിക്കുകയും, ചില ഖിറാഅത്തുകൾ പ്രകാരം ബിസ്മി ഫാതിഹഃയിൽ ഉൾപ്പെടുന്നതാണെന്നും, മറ്റു ചില ഖിറാഅത്തുകളിൽ അത് ഫാതിഹഃയിൽ ഉൾപ്പെടില്ലെന്നും അഭിപ്രായപ്പെട്ടവരുണ്ട്. ഖിറാഅത്തുകളുടെ വ്യത്യാസം വൈരുദ്ധ്യമല്ല; മറിച്ച് വൈവിദ്ധ്യമായാണ് പരിഗണിക്കപ്പെടുക

എന്നതിനാൽ ഈ രണ്ട് വീക്ഷണങ്ങളും ശരിയുടെ ഭാഗമാണ് എന്നും അവർ വിവരിച്ചിട്ടുണ്ട്. (മജ്മൂഅ് / ഇബ്നു തൈമിയ്യഃ 22/351, മുദക്കിറഃ / 1/66)

'ബിസ്മി' ചൊല്ലേണ്ട സന്ദർഭങ്ങൾ:

1- എല്ലാ നല്ല വാക്കുകൾക്കും പ്രവർത്തികൾക്കും മുൻപ്.

2- വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ.

3- വുദുവിന്റെ ആരംഭത്തിൽ.

4- ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതിന് മുൻപ്.

5- ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിന് മുൻപ്.

6- കത്തുകൾ, ഗ്രന്ഥങ്ങൾ എന്നിങ്ങനെയുള്ള എഴുത്തുകളുടെ ആരംഭത്തിൽ. (മിസ്ബാഹുൽ മുനീർ: 25)

ആയത്ത് 2

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾

2. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് (മാത്രമാകുന്നു) സർവ്വ സ്തുതികളും.

തഫ്സീർ

2. 'ഹംദ്' എന്നാൽ അല്ലാഹുവിനോടുള്ള സ്നേഹവും ആദരവും നിറഞ്ഞ ഹൃദയത്താൽ, അല്ലാഹുവിന്റെ പൂർണ്ണതയുടെ വിശേഷണങ്ങൾ കൊണ്ട് അവനെ സ്തുതിക്കലാണ്.

'സമ്പൂർണ്ണമായ വാഴ്ത്തലും, പൂർണ്ണതയുടെയും മഹത്വത്തിന്റെയും വിശേഷണങ്ങൾ കൊണ്ടുള്ള എല്ലാ നിലക്കുമുള്ള സ്തുതികളും അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹു നൽകിയ പ്രകടവും ഗോപ്യവുമായ എല്ലാ അനുഗ്രഹങ്ങൾക്കും, ഭൗതികവും മതപരവുമായ എല്ലാ നന്മകൾക്കുമുള്ള നന്ദിയും സ്തുതികളും അവന് തന്നെയാകുന്നു. അവന് പുറമെ ഒരാൾക്കും അതിന് അർഹതയില്ല.' - ഇതെല്ലാമാണ് 'അൽഹംദുലില്ലാഹ്' എന്നത് കൊണ്ട് ഉദ്ദേശ്യം.

അല്ലാഹുവിനെ സ്തുതിച്ചതിന് ശേഷം അവനെ സ്തുതിക്കാനുള്ള കാരണമാണ് ഉടനെ അവൻ വിവരിച്ചത്: അല്ലാഹു സർവ്വ ലോകങ്ങളുടെയും രക്ഷിതാവാകുന്നു എന്നതാണ് ആ കാരണം. അല്ലാഹുവിന് പുറമെയുള്ള എല്ലാം ലോകമാണ്; അല്ലാഹു അവയുടെയെല്ലാം സ്രഷ്ടാവും രക്ഷാധികാരിയും.

അല്ലാഹുവിൽ നിന്നുള്ള അറ്റമില്ലാത്ത അനുഗ്രഹങ്ങൾ ഇല്ലായിരുന്നെങ്കിൽ സൃഷ്ടികൾക്ക് നിലനിൽക്കുക സാധ്യമേയല്ല. അവരുടെ പക്കൽ കാണപ്പെടുന്ന ചെറുതോ വലുതോ ആയ ഏതൊരു അനുഗ്രഹമാകട്ടെ, അതെല്ലാം അല്ലാഹുവിൽ നിന്നുള്ളതാണ് എന്ന ഓർമ്മപ്പെടുത്തൽ അതിലുണ്ട്.

അല്ലാഹു മാത്രമാണ് ഏകനായ സ്രഷ്ടാവ് എന്നും, അവനാണ് അവരെയെല്ലാം നിയന്ത്രിക്കുന്നത് (മുദബ്ബിറുൽ ആലം)

എന്നും, അവന്റെ പക്കൽ നിന്നാണ് ഏതൊരു അനുഗ്രഹവും ലഭിക്കുന്നത് എന്നും, ലോകത്തുള്ള സർവ്വതും സർവ്വരും എല്ലാ വിധത്തിലും അല്ലാഹുവിലേക്ക് അങ്ങേയറ്റം ആവശ്യക്കാരാണെന്നും 'റബ്ബുൽ ആലമീൻ' എന്ന പ്രസ്താവനയിൽ നിന്ന് മനസ്സിലാക്കാം. (സഅ്ദി: 39)

'അല്ലാഹുവിന് സർവ്വ സ്തുതികളും' എന്ന പ്രസ്താവനയാണ് ഈ ആയത്തിന്റെ ബാഹ്യാർത്ഥമെങ്കിലും 'ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ നിങ്ങൾ സ്തുതിക്കൂ' എന്ന കൽപ്പന അതിന്റെ ആശയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ അല്ലാഹുവിനുള്ള ഹംദ് അധികരിപ്പിക്കുകയും, 'അൽഹംദുലില്ലാഹ്' (الحَمْدُ لِلَّـــهِ) എന്ന ദിക്ർ അധികരിപ്പിക്കുകയും ചെയ്യാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. (തഫ്സീർ സഅ്ദി: 39)

എന്തിനാണ് അല്ലാഹുവിനെ സ്തുതിക്കുന്നത്?

അല്ലാഹുവിന് മാത്രമാണ് എല്ലാ സ്തുതികൾക്കും എല്ലാ നന്ദിവാക്കുകൾക്കും അർഹതയുള്ളത്. അവന് പുറമെ ആരാധിക്കപ്പെടുന്ന ഒരു വസ്തുവിനോ, അവൻ സൃഷ്ടിച്ച ഏതെങ്കിലുമൊരു സൃഷ്ടിക്കോ സമ്പൂർണ്ണമായ സ്തുതികളിൽ നിന്ന് ഒരു പങ്കിനും യാതൊരു അർഹതയുമില്ല.

അല്ലാഹുവിനല്ലാതെ മറ്റാർക്കും എണ്ണിത്തിട്ടപ്പെടുത്താൻ സാധ്യമല്ലാത്ത വിധം അനുഗ്രഹങ്ങൾ തന്റെ ദാസന്മാർക്ക് മേൽ വർഷിച്ചത് അവനാണ്. അല്ലാഹുവിനെ അനുസരിക്കാൻ സാധിക്കുംവിധം ശരീരാവയവങ്ങൾക്ക് ആരോഗ്യം നൽകിയത് അവനാണ്. അവൻ നിർബന്ധമാക്കിയ ബാധ്യതകൾ നിറവേറ്റാൻ ശേഷിയും കഴിവും ലഭിച്ചത് അവന്റെ അനുഗ്രഹത്താലാണ്.

അതിനെല്ലാം പുറമെ ഇഹലോകത്ത് അവൻ തന്റെ ഉപജീവനം വിശാലമായി തുറന്നു നൽകിയിരിക്കുന്നു. അനുഗ്രഹങ്ങളിൽ യാതൊന്നും ലഭിക്കാനുള്ള അർഹതയോ അവകാശമോ സൃഷ്ടികളിൽ ഒരാൾക്ക് പോലുമില്ലെങ്കിലും അവൻ അവർക്ക് സുഖാനുഗ്രഹങ്ങൾ മേൽക്കുമേലായി രുചിപ്പിക്കുന്നു.

എല്ലാത്തിനുമപ്പുറം, എന്നെന്നും നിലനിൽക്കുന്ന അറ്റമില്ലാത്ത അനുഗ്രഹങ്ങളുടെ ഭവനമായ സ്വർഗത്തിലേക്ക് എത്തിപ്പെടാനുള്ള വഴിയും മാർഗവും അവൻ അവർക്ക് വിവരിച്ചു നൽകുകയും, അതിലേക്ക് അവരെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നു.

ആദ്യവും അന്ത്യവും, എന്നുമെപ്പോഴും നമ്മുടെ റബ്ബായ അല്ലാഹുവിന് മാത്രമാകുന്നു സർവ്വ സ്തുതികളും. (മിസ്ബാഹുൽ മുനീർ / ഇബ്നു കഥീർ: 26-27)

ഹംദും ശുക്റും:

അറബിയിൽ സമാനമായ അർത്ഥമുള്ള വാക്കുകളാണ് 'ഹംദ്', 'ശുക്ർ' എന്നിവ. ഒന്നാമത്തേതിന് സ്തുതി എന്നും, രണ്ടാമത്തേതിന് നന്ദി എന്നുമാണ് പൊതുവെ അർത്ഥം നൽകപ്പെടാറുള്ളത്. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നത് 'ഹംദ്' കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാകാൻ സഹായകമാണ്.

1- ഹംദ് -അല്ലാഹുവിനെ സ്തുതിക്കുക- എന്നത് നാവ് കൊണ്ട് മാത്രമേ സാധ്യമാകൂ. എന്നാൽ ശുക്ർ -നന്ദി കാണിക്കുക- എന്നത് നാവ് കൊണ്ട് പറയാൻ കഴിയുന്നത് പോലെ, ഒരാളുടെ പ്രവർത്തനങ്ങളിലൂടെ കാണിക്കാനും, മനസ്സിൽ നന്ദി കാത്തുസൂക്ഷിക്കാനും സാധിക്കും.

2- ഒരാൾ മറ്റൊരു വ്യക്തിക്ക് ചെയ്ത നന്മകൾക്കും സഹായങ്ങൾക്കും മാത്രമാണ് നന്ദി പറയാൻ കഴിയുക. 'എന്നെ സഹായിച്ചതിന് ഞാൻ ഇന്നയാൾക്ക് നന്ദി പറയുന്നു' എന്ന് പറയാം. എന്നാൽ ഒരാളിൽ ഒതുങ്ങി നിൽക്കുന്ന -സ്വഭാവപരമോ അസ്തിത്വപരമോ ആയ ഗുണങ്ങളുടെ പേരിൽ അയാൾക്ക് നന്ദി പറയുക സാധ്യമല്ല. ഉദാഹരണത്തിന് ധൈര്യവും ഭംഗിയും കാരണത്താൽ അയാളെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യാം; എന്നാൽ അതിന്റെ പേരിൽ അയാൾക്ക് നന്ദി പറയുക സാധ്യമല്ലല്ലോ?!

ഇത്രയും പറഞ്ഞത് ഈ രണ്ട് പദങ്ങൾ തമ്മിലുള്ള സൂ

ക്ഷ്മമായ വ്യത്യാസത്തെ കുറിച്ചാണ്. തുടക്കത്തിൽ പറഞ്ഞതു പോലെ, ഏറെ അടുപ്പവും സമാനതയുമുള്ള രണ്ട് വാക്കുകളാണ് ഇവ രണ്ടും. (മിസ്ബാഹുൽ മുനീർ: 26-27)

റബ്ബ് എന്നതിന്റെ അർത്ഥ സൂചനകൾ:

'റബ്ബ്' എന്ന പദം 'ക്രമേണയായി വളർത്തിക്കൊണ്ടുവരുന്നവൻ' എന്ന അർത്ഥം അറിയിക്കുന്നുണ്ട്.

അല്ലാഹുവിന്റെ ഈ റുബൂബിയ്യത്ത് (രക്ഷാധികാരം) രണ്ട് രൂപത്തിലുണ്ട്.

1- എല്ലാ സൃഷ്ടികൾക്കും പൊതുവായുള്ളത്; ഭൗതികമായ അനുഗ്രഹങ്ങൾ നൽകിക്കൊണ്ട് അല്ലാഹു തന്റെ സൃഷ്ടികളെ വളർത്തി കൊണ്ടുവരുന്നു എന്നത് ഈ പറഞ്ഞതിന്റെ പരിധിയിൽ ഉൾപ്പെടും.

2- അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ നബിമാർക്കും ഔലിയാക്കൾക്കും ലഭിക്കുന്നത്; അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള വിശ്വാസത്തിലേക്കും സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിലേക്കും തന്റെ ദാസന്മാരെ പടിപടിയായി അല്ലാഹു നയിക്കുന്നു എന്നത് ഈ ആശയത്തിലാണ് ഉൾപ്പെടുക.

അല്ലാഹുവിൽ വിശ്വസിക്കുന്നതിലേക്കും, ശേഷം വിശ്വാസത്തിന്റെ പൂർണ്ണത നേടിയെടുക്കുന്നതിലേക്കും അവരെ നയിക്കുന്നത് അല്ലാഹുവാണ്. പ്രസ്തുത വഴിയിൽ വന്നേക്കാവുന്ന എല്ലാ തടസ്സങ്ങളെയും അല്ലാഹു അവർക്കായി നീക്കിക്കൊടുക്കുകയും ചെയ്യുന്നു.

എല്ലാ നന്മയിലേക്കും അല്ലാഹു അവർക്ക് വഴിയൊരുക്കുകയും (തൗഫീഖ് നൽകുന്നു), എല്ലാ തിന്മകളിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്യുന്നു എന്നതാണ് ചുരുങ്ങിയ വാക്കുകളിൽ ഈ പറഞ്ഞതിന്റെ അർത്ഥം.

നബിമാർ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന വേളയിൽ 'റബ്ബനാ' (ഞങ്ങളുടെ റബ്ബേ!) എന്ന് പ്രാർത്ഥനകളുടെ ആരംഭത്തിൽ പറഞ്ഞത് ഈ രണ്ടാമത്തെ അർത്ഥം കൂടുതലായി പരിഗണിച്ചു കൊണ്ടുകൂടിയായിരിക്കാം. കാരണം അവരുടെ തേ

ട്ടങ്ങളും പ്രാർത്ഥനകളും ഈ രണ്ടാമത്തെ ആശയത്തിന് കീഴിലായിരുന്നു ഉൾപ്പെട്ടിരുന്നത്. (അഥവാ, ദീനിയായ നന്മകളായിരുന്നു അവർ കൂടുതലും തേടിയിരുന്നത് എന്നർത്ഥം.) അല്ലാഹു അഅ്ലം. (സഅ്ദി: 39)

ആലമൂൻ

'ആലം' എന്ന അറബി പദത്തിന്റെ ബഹുവചനമാണ് 'ആലമീൻ'; ലോകങ്ങൾ എന്ന് അർത്ഥം പറയാം. അല്ലാഹുവിന് പുറമെയുള്ള എല്ലാ വസ്തുക്കളും 'ആലം' എന്നതിന്റെ പരിധിയിൽ പെടും. ഇഹലോകത്തും പരലോകത്തുമായി അല്ലാഹു സൃഷ്ടിച്ചതെല്ലാം അതിന്റെ പരിധിയിൽ ഉൾപ്പെടും.

'റബ്ബുൽ ആലമീൻ' എന്നാൽ ലോകങ്ങളുടെ രക്ഷിതാവ് എന്നർത്ഥം. അല്ലാഹുവിന്റെ ദൂതനായ മൂസാ -ﷺ- യും, ധിക്കാരിയും സ്വേഛാധിപതിയുമായിരുന്ന ഫിർഔനും തമ്മിലുള്ള സംഭാഷണം നോക്കൂ:

قَالَ فِرْعَوْنُ وَمَا رَبُّ ٱلْعَٰلَمِينَ ﴿٢٣﴾ قَالَ رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن كُنتُم مُّوقِنِينَ ﴿٢٤﴾

"ഫിർഔൻ ചോദിച്ചു: എന്താണ് ഈ 'റബ്ബുൽ ആലമീൻ' എന്ന് പറയുന്നത്? അദ്ദേഹം (മൂസാ) പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവാകുന്നു (റബ്ബുൽ ആലമീൻ) എന്നാൽ; നിങ്ങൾ ദൃഢ വിശ്വാസമുള്ളവരാണെങ്കിൽ." (ശുഅറാഅ്: 23-24)

ചില പണ്ഡിതന്മാർ പറഞ്ഞു: 'അടയാളം' എന്ന അർത്ഥം വരുന്ന 'അലം, അലാമഃ' എന്നീ പദങ്ങളിൽ നിന്നാണ് ആലമീൻ എന്ന വാക്കും വന്നിട്ടുള്ളത്. സ്രഷ്ടാവായ അല്ലാഹുവിനെ കുറിച്ചും അവന്റെ മഹത്വത്തെ കുറിച്ചും, അവന്റെ ഏകത്വത്തെ കുറിച്ചും അറിയിക്കുന്ന അടയാളവും തെളിവുമാണ് ഈ ലോകപ്രപഞ്ചം എന്നതിനാലാണ് അതിന് 'ആലമീൻ' എന്ന പേര് നൽകപ്പെട്ടത്. (മിസ്ബാഹുൽ മുനീർ: 28)

ആയത്ത് 3

3. സർവ്വ വിശാലമായ കാരുണ്യമുള്ളവനും (അർ-റഹ്മാൻ), അതിയായി കരുണ ചൊരിയുന്നവനും (അർ-റഹീം) (ആയ അല്ലാഹുവിന് സർവ്വ സ്തുതികളും).

ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿٣﴾

തഫ്സീർ

3. കഴിഞ്ഞ വചനത്തിൽ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സ്തുതിക്കുകയാണ് ചെയ്തത് എങ്കിൽ, അല്ലാഹുവിന്റെ അതിമനോഹരമായ രണ്ട് നാമങ്ങൾ എടുത്തു പറഞ്ഞു കൊണ്ട് ഈ വചനത്തിൽ അവനെ ആവർത്തിച്ചു സ്തുതിക്കുകയാണ് ചെയ്യുന്നത്.

സർവ്വ സൃഷ്ടികളെയും വലയം ചെയ്തിരിക്കുന്ന സർവ്വ വിശാലമായ കാരുണ്യമുള്ളവൻ എന്നാണ് 'അർറഹ്മാൻ' എന്ന നാമത്തിന്റെ ഉദ്ദേശ്യം. 'അർ-റഹീം' എന്നാൽ അല്ലാഹുവിൽ വിശ്വസിച്ച സൽകർമ്മികൾക്ക് പ്രത്യേകമായി കരുണ ചൊരിയുന്നവൻ എന്ന ഉദ്ദേശമാണുള്ളത്.

എല്ലാ സൃഷ്ടികൾക്കും അല്ലാഹുവിൽ നിന്നുള്ള കാരുണ്യത്തിന്റെ ഒരു പങ്ക് ലഭിക്കാതിരിക്കില്ല; എന്നാൽ അവന്റെ അറ്റവും അവസാനവുമില്ലാത്ത കാരുണ്യം -സ്വർഗവും അതിലെ അനുഗ്രഹങ്ങളും മറ്റുമെല്ലാം- ആസ്വദിക്കാൻ കഴിയുക അല്ലാഹുവിൽ വിശ്വസിക്കുകയും ധർമ്മനിഷ്ഠ പാലിക്കുകയും ചെയ്ത, അല്ലാഹുവിന്റെ ദൂതന്മാരെ പിൻപറ്റിയ വിശ്വാസികൾക്ക് മാത്രമായിരിക്കും എന്ന സൂചന ' അർ- റഹീം' എന്ന നാമത്തിലുണ്ട്. [1]

റഹ്മാൻ, റഹീം എന്നിവ തമ്മിലുള്ള വ്യത്യാസം?

റഹ്മാൻ എന്നത് അല്ലാഹുവിന്റെ അസ്തിത്വപരമായ വിശേഷണത്തെയും, റഹീം എന്നത് കാരുണ്യം ചൊരിയുക എന്ന

1 തഫ്സീർ സഅ്ദി: 39.

അവന്റെ പ്രവർത്തിയെയുമാണ് സൂചിപ്പിക്കുന്നത് എന്ന് ചില പണ്ഡിതന്മാർ വേർതിരിച്ചിട്ടുണ്ട്. റഹ്മാൻ എന്ന നാമമാണ് റഹീം എന്നതിനേക്കാൾ വിശാലമായ അർത്ഥവും ആശയവും ഉൾക്കൊള്ളുന്നത് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. [1]

അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും:

അല്ലാഹുവിന് മാത്രം പ്രത്യേകമായ കാര്യങ്ങളിൽ അവനെ ഏകനാക്കുക എന്ന തൗഹീദാണ് ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട കൽപ്പനയും അതിലെ അതിമഹത്തരമായ അടിത്തറയും. അല്ലാഹു അവന്റെ ഗ്രന്ഥമായ ഖുർആനിലൂടെയും, നബി -ﷺ- അവിടുത്തെ ഹദീഥുകളിലൂടെയും അറിയിച്ച അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും അല്ലാഹു ഏകനാണ് എന്ന് വിശ്വസിക്കൽ തൗഹീദിന്റെ പ്രധാനഭാഗമാണ്.

ഈ അടിത്തറയിലുള്ള വിശ്വാസം 'തൗഹീദുൽ അസ്മാഇ വസ്വിഫാത്ത്' (അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളിലെ ഏകത്വം) എന്നാണ് അറിയപ്പെടുന്നത്. ഈ ഉമ്മത്തിലെ മുൻഗാമികളും ഇമാമീങ്ങളുമെല്ലാം ഈ അടിത്തറയിൽ വിശ്വസിച്ചിരുന്നു.

മൂന്ന് അടിത്തറകൾ:

അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷണങ്ങളിലുമുള്ള വിശ്വാസം സുപ്രധാനമായ മൂന്ന് അടിത്തറകൾക്ക് മേലാണ് നിലകൊള്ളുന്നത്. അവ താഴെ പറയാം:

1- സ്ഥിരീകരണം (إِثْبَاتُ مَا أَثْبَتَهُ اللَّـهُ وَرَسُولُهُ ﷺ)

അല്ലാഹുവിന്റെ നാമങ്ങളോ വിശേഷണങ്ങളോ ആയി ഖുർആനിലും ഹദീഥിലും സ്ഥിരപ്പെട്ടതെല്ലാം അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളുമാണെന്ന് സ്ഥിരപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്യുക. കാരണം അല്ലാഹുവും അവന്റെ റസൂലും -ﷺ- അറിയിച്ചതെല്ലാം വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്യൽ ഓരോ മുസ്‌ലിമിന്റെ മേലും നിർബ

1 ഫവാഇദ് / ഇബ്നുൽ ഖയ്യിം: 1/24, മിസ്ബാഹുൽ മുനീർ / ഇബ്നു കഥീർ: 26.

ന്ധമാണ്. അല്ലാഹുവിന് 'റഹ്മാൻ' എന്ന നാമമുണ്ട് എന്നും, റഹ്മത്ത് (കാരുണ്യം) എന്ന വിശേഷണമുണ്ട് എന്നും വിശ്വസിക്കൽ ഉദാഹരണം.

2- നിഷേധം (نَفْيُ مَا نَفَاهُ اللَّـهُ وَرَسُولُهُ ﷺ)

അല്ലാഹുവിന് ഇല്ല എന്ന് അവൻ ഖുർആനിലൂടെയോ നബി -ﷺ- അവിടുത്തെ ഹദീഥിലൂടെയോ അറിയിച്ച കാര്യങ്ങൾ അല്ലാഹുവിനില്ല എന്ന് നിഷേധിക്കുകയും, അത്തരം വിശേഷണങ്ങൾ ഉണ്ടാകുന്നതിൽ നിന്ന് അല്ലാഹു പരിശുദ്ധനാണ് എന്നും വിശ്വസിക്കുക. അതോടൊപ്പം ഈ ന്യൂനതകളുടെ നേർവിപരീതമായ വിശേഷണം ഏറ്റവും പൂർണ്ണമായ രൂപത്തിൽ അവനുണ്ട് എന്നും വിശ്വസിക്കണം.

ഉദാഹരണത്തിന് അല്ലാഹു ഉറങ്ങുകയില്ല എന്ന് അവൻ അറിയിച്ചിരിക്കുന്നു; ഉറക്കം എന്ന വിശേഷണം അല്ലാഹുവിനില്ല എന്ന് നിഷേധിക്കുകയും, അതിന് നേർവിപരീതമായ പരിപൂർണ്ണ ജീവിതവും ഉണർച്ചയും അല്ലാഹുവിനുണ്ട് എന്ന് വിശ്വസിക്കുകയും വേണം. അല്ലാഹു ഒരണുമണിത്തൂക്കം പോലും അനീതി പ്രവർത്തിക്കില്ല എന്ന് അവൻ നമ്മെ അറിയിച്ചിരിക്കുന്നു; അനീതി എന്നത് അല്ലാഹുവിന്റെ വിശേഷണമല്ല എന്ന് നിഷേധിക്കുകയും, അതോടൊപ്പം സമ്പൂർണ്ണ നീതിയുള്ളവനാണ് അവൻ എന്ന് സ്ഥിരീകരിക്കുകയും വേണം.

3- നിശബ്ദത പാലിക്കൽ (التَّوَقُّفُ فِيمَا لَمْ يَرِدْ بِهِ نَصٌّ):

അല്ലാഹുവോ അവന്റെ ദൂതനോ അല്ലാഹുവിന് ഉള്ളതായി സ്ഥിരീകരിക്കുകയോ, ഇല്ലായെന്ന് നിഷേധിക്കുകയോ ചെയ്തിട്ടില്ലാത്ത വിശേഷണങ്ങളിൽ നിശബ്ദത പാലിക്കുക. അവ ഉണ്ട് എന്ന് പറയുകയോ ഇല്ലാ എന്ന് നിഷേധിക്കുകയോ ചെയ്യരുത്. കാരണം അല്ലാഹുവിനെ കുറിച്ച് അറിവില്ലാതെ സംസാരിക്കുക എന്നത് അതിഗുരുതരമായ പാപമാണ്.

അല്ലാഹുവിന്റെ നാമങ്ങളിൽ വിശ്വസിക്കേണ്ട രൂപം:

1- അല്ലാഹുവിന് ഉള്ളതായി ഖുർആനിലും ഹദീഥിലും സ്ഥിരപ്പെട്ട നാമങ്ങൾ അവനുണ്ട് എന്ന് സ്ഥിരീകരിക്കുക.

ഉദാഹരണത്തിന്, സൂറത്തുൽ ഫാതിഹഃയിലെ ഈ വചന പ്രകാരം അല്ലാഹുവിന് 'അർറഹ്മാൻ', 'അർറഹീം' എന്നിങ്ങനെ രണ്ട് നാമങ്ങളുണ്ട് എന്ന് വിശ്വസിക്കുക. പ്രാർത്ഥനകളുടെയും മറ്റും വേളകളിൽ അല്ലാഹുവിനെ ഈ നാമങ്ങൾ കൊണ്ട് വിളിക്കാൻ അവൻ കൽപ്പിച്ചിട്ടുണ്ട് എന്നതിനാൽ അവ മുൻനിർത്തി കൊണ്ട് അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക.

2- അല്ലാഹുവിന്റെ നാമങ്ങൾ കേവല വിളിപ്പേരുകൾ മാത്രമല്ല, മറിച്ച് അവ അല്ലാഹുവിന്റെ വിശേഷണങ്ങൾ കൂടി ഉൾക്കൊള്ളുന്നുണ്ട്.

ഉദാഹരണത്തിന് 'അർറഹ്മാൻ' എന്ന നാമം അല്ലാഹുവിന്റെ കാരുണ്യം എന്ന വിശേഷണത്തെയാണ് അറിയിക്കുന്നത്. സമ്പൂർണ്ണവും സർവ്വ വിശാലവും അറ്റവും അതിരുകളുമില്ലാത്തതുമായ കാരുണ്യമുള്ളവനാണ് അല്ലാഹു എന്ന് അവൻ വിശ്വസിക്കണം.

3- അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളുടെ സ്വാധീനങ്ങൾ അംഗീകരിക്കുകയും ഗ്രഹിക്കുകയും ചെയ്യുക.

ഉദാഹരണത്തിന്, അല്ലാഹുവിന്റെ കാരുണ്യം അവന്റെ സൃഷ്ടികളെയെല്ലാം വലയം ചെയ്തിരിക്കുന്നു. എല്ലാ അനുഗ്രഹങ്ങളും അവന്റെ കാരുണ്യത്തിന്റെ അടയാളത്തിൽ പെട്ടതാണ്. ഇതു പോലെയാണ് അല്ലാഹുവിന്റെ മറ്റെല്ലാ നാമങ്ങളിലും വിശ്വസിക്കേണ്ടത്.

നാല് അപകടങ്ങൾ:

അല്ലാഹുവിന്റെ നാമങ്ങൾ അവന്റെ വിശേഷണങ്ങളിലേക്ക് സൂചന നൽകുന്നുണ്ട് എന്ന് പറഞ്ഞല്ലോ? അവക്ക് പുറമെ, അല്ലാഹുവിന്റെ വിശേഷണങ്ങളായി ഖുർആനിലും ഹദീഥിലും അനേകം വിശേഷണങ്ങൾ വന്നിട്ടുണ്ട്.

അല്ലാഹുവിന്റെ അസ്തിത്വപരമായ വിശേഷണങ്ങളായ അല്ലാഹുവിന്റെ മുഖം, അവന്റെ കൈകൾ, അവന്റെ കണ്ണുകൾ എന്നിവ അവയിൽ ചിലതാണ്. അവന്റെ പ്രവർത്തിപരമായ

വിശേഷണങ്ങളായ സിംഹാസനാരോഹണം, സൃഷ്ടിപ്പ്, ഉപജീവനം നൽകൽ പോലുള്ള മറ്റു ചില വിശേഷണങ്ങളാണ്.

അല്ലാഹുവിന്റെ വിശേഷണങ്ങളിൽ വിശ്വസിക്കുമ്പോൾ നിർബന്ധമായും ഉപേക്ഷിക്കേണ്ട നാല് കാര്യങ്ങളുണ്ട്. അവ താഴെ പറയാം:

(1) നിഷേധിക്കൽ / തഅ്ത്വീൽ (التَّعْطِيـلُ): അല്ലാഹുവിന് കാരുണ്യം എന്ന ഒരു വിശേഷണമില്ല എന്ന് നിഷേധിക്കരുത്. അല്ലാഹു അവനുള്ളതായി അറിയിച്ച ഒരു കാര്യം നിഷേധിക്കുക എന്നത് ഗുരുതരമായ പാപമാണെന്നതിൽ സംശയമില്ല.

(2) സദൃശ്യപ്പെടുത്തൽ / തംഥീൽ (التَّمْثِيلُ أَوْ التَّشْـبِيهُ): അല്ലാഹുവിന്റെ കാരുണ്യം സൃഷ്ടികളുടെ കാരുണ്യം പോലെയാണെന്ന് സമീകരിക്കരുത്. കാരണം അല്ലാഹുവിനെ പോലെ ഒരാളുമില്ല. മറിച്ച്, അല്ലാഹുവിന്റെ കാരുണ്യം അവന്റെ പൂർണ്ണതക്കും മഹത്വത്തിനും ഗാംഭീര്യത്തിനും യോജിച്ച വിധത്തിലുള്ള സമ്പൂർണ്ണമായ കാരുണ്യമാണ്. സൃഷ്ടികളിൽ കാണപ്പെട്ടേക്കാവുന്ന കാരുണ്യം അവരുടെ ദുർബലതക്കും കുറവുകൾക്കും ന്യൂനതകൾക്കും യോജിച്ച വിധത്തിലുള്ളതാണ്.

(3) അർത്ഥം തെറ്റിക്കൽ / തഹ്‌രീഫ് (التَّحْرِيــفُ أَوْ التَّأْوِيــلُ): അല്ലാഹുവിന്റെ വിശേഷണങ്ങളെ മറ്റു വല്ല അർത്ഥങ്ങളും നൽകി തെറ്റായി വ്യാഖ്യാനിക്കാൻ പാടില്ല; ഉദാഹരണത്തിന് അല്ലാഹുവിന്റെ കാരുണ്യമെന്നാൽ 'അടിമകൾക്ക് നന്മ ചെയ്യാൻ അല്ലാഹു ഉദ്ദേശിക്കലാണ്' എന്ന് വ്യാഖ്യാനിക്കുക പാടില്ല. മറിച്ച്, അല്ലാഹുവിന് യോജിച്ച വിധത്തിലുള്ള കാരുണ്യം അവനുണ്ട് എന്ന് തന്നെ വിശ്വസിച്ചിരിക്കണം.

(4) രൂപപ്പെടുത്തൽ / തക്‌യീഫ് (التَّكْيِيــفُ): അല്ലാഹുവിന്റെ കാരുണ്യം ഇന്ന രൂപത്തിലാണെന്നോ ഇന്നയിന്ന വിധത്തിലാണെന്നോ രൂപപ്പെടുത്തി കാണിക്കരുത്. ഉദാഹരണത്തിന് അല്ലാഹുവിന്റെ മുഖം ഏതെങ്കിലുമൊരു സൃഷ്ടിക്കുള്ള മുഖം പോലെയാണെന്നോ മറ്റോ പറയുക പാടില്ല. (ഇബ്നു ഉഥൈമീൻ -رَحِمَهُ اللَّهُ- രചിച്ച 'ഫത്ഹു റബ്ബിൽ ബരിയ്യഃ', 'ഖവാഇദുൽ മുഥ്‌ലാ' എന്നീ ഗ്രന്ഥങ്ങൾ പരിശോധിക്കുക.)

ചില പാഠങ്ങൾ

1- റഹ്മാനും റഹീമുമായ റബ്ബ്.

'ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതിയും' എന്ന അറിയിപ്പോടെയാണല്ലോ സൂറ. ഫാതിഹഃ ആരംഭിക്കുന്നത്. ലോകങ്ങളെ സൃഷ്ടിച്ചു പരിപാലിക്കുന്ന ഈ രക്ഷിതാവ് എപ്രകാരമുള്ളവനാണെന്ന ചോദ്യം സ്വാഭാവികമായും മനസ്സിൽ വന്നെത്തും.

ശക്തിയും അധികാരവും വർദ്ധിക്കുമ്പോഴെല്ലാം പ്രതികാരവും ശിക്ഷകളും അധികരിപ്പിക്കുന്ന തരത്തിലുള്ള രക്ഷിതാവാണോ അവൻ? അതല്ല, കാരുണ്യമുള്ളവനാണോ അവൻ? - ഇതിനൊരു ഉത്തരമെന്ന പോലെയാണ് അവൻ 'റഹ്മാനും' 'റഹീമും' ആണെന്ന വിവരണം ശേഷം വന്നിരിക്കുന്നത്. (തഫ്സീർ ഇബ്നി ഉഥൈമീൻ / 1/10)

ആയത്ത് 4

مَٰلِكِ يَوۡمِ ٱلدِّينِ ٤

4. പ്രതിഫലനാളിന്റെ ഉടമസ്ഥനായ (അല്ലാഹുവിന് സർവ്വ സ്തുതികളും).

തഫ്സീർ

4. പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്ന അന്ത്യനാളിൽ സർവ്വതിന്റെയും ഏക ഉടമസ്ഥനായ അല്ലാഹുവിന് (സർവ്വ സ്തുതികളും). അല്ലാഹുവിനെ കുറിച്ചുള്ള ഈ വിവരണം അവന്റെ മഹത്വം വാഴ്ത്തുന്ന വാക്കുകളാണ്.

എല്ലാ നിസ്കാരങ്ങളിലും ഈ വചനം ആവർത്തിച്ചു പാരായണം ചെയ്യുന്ന ഓരോ മുസ്‌ലിമിനെയും പരലോകത്തെ കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ട് ഈ വചനം. ഈ ഓർമ്മപ്പെടുത്തൽ അന്ത്യനാളിന് വേണ്ടി സൽകർമ്മങ്ങൾ പ്രവർത്തിച്ചു കൊണ്ടും, തിന്മകൾ വെടിഞ്ഞു കൊണ്ടും തയ്യാറെടുക്കാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. (തഫ്സീറുൽ മുയസ്സർ: 1)

ആരാണ് അൽ-മാലിക്?

അല്ലാഹുവാണ് 'അൽമാലിക്' (المَالِكُ); 'സർവ്വതിന്റെയും ഉടമസ്ഥൻ' എന്നാണ് അതിന്റെ അർത്ഥം. അധികാരവും ഉടമസ്ഥാവകാശവുമുള്ളവന്റെ എല്ലാ അർത്ഥങ്ങളും അതിന്റെ കീഴിലുണ്ട്. അല്ലാഹുവാണ് സർവ്വരുടെയും ഉടമസ്ഥൻ; അതിനാൽ അവൻ അവരോട് കൽപ്പിക്കുകയും വിലക്കുകയും ചെയ്യുന്നു. അനുസരിച്ചവർക്ക് പ്രതിഫലം നൽകുകയും ധിക്കരിച്ചവർക്ക് ശിക്ഷ നൽകുകയും ചെയ്യുന്നു. തന്റെ അധികാരത്തിന് കീഴിലുള്ളവരെ താൻ ഉദ്ദേശിക്കുന്ന വിധത്തിലെല്ലാം കൈകാര്യം ചെയ്യുകയും മാറ്റിമറിക്കുകയും ചെയ്യുന്നു. (സഅ്ദി: 39)

അന്ത്യനാളിന്റെ ഉടമസ്ഥൻ!

അല്ലാഹുവാണ് എല്ലാ ദിവസങ്ങളുടെയും ഉടമസ്ഥൻ; 'ലോകങ്ങളുടെ രക്ഷിതാവ്' എന്ന വാക്കിൽ നിന്ന് ഇഹലോകത്തിന്റെയും പരലോകത്തിന്റെയും ഉടമസ്ഥൻ അവനാണ് എ

ന്ന കാര്യം വ്യക്തമായി ബോധ്യമായിട്ടുണ്ട്.

എന്നാൽ ഈ വചനത്തിൽ അന്ത്യനാളിന്റെ ഉടമസ്ഥനാണ് അല്ലാഹു എന്ന കാര്യം ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞത്, ആ ദിവസത്തിൽ അല്ലാഹുവിന്റെ അധികാരത്തിലെ ഏകത്വം സർവ്വർക്കും വ്യക്തമായി ബോധ്യപ്പെടും എന്നതിനാലാണ്. അവന്റെ അധികാരവും നീതിയും യുക്തിയും ബോധ്യപ്പെടാത്ത, ഭൂമിയിൽ അധികാരികളെന്ന് ധരിക്കപ്പെട്ടിരുന്നവരുടെ സർവ്വ പൊയ്മുഖങ്ങളും അഴിഞ്ഞു വീഴുന്ന ദിനമാണത്. (സമാനാശയമുള്ള ആയത്തുകൾ നോക്കുക: ഇൻഫിത്വാർ: 17-19, നബഅ്: 38, ത്വാഹാ: 108, ഹൂദ്: 105)

രാജാക്കന്മാരും ഭരണീയരും സ്വതന്ത്രരും അടിമകളും ആ ദിനത്തിൽ അല്ലാഹുവിന്റെ മുൻപിൽ ഏകസമൂഹമായി നിർത്തപ്പെടുന്നതാണ്. എല്ലാവരും അന്നേ ദിവസം അല്ലാഹുവിന്റെ മഹത്വം അംഗീകരിച്ചവരും, അവന്റെ പ്രതാപത്തിന് കീഴൊതുങ്ങിയവരുമായിരിക്കും. അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ചു കൊണ്ടും, അവന്റെ ശിക്ഷയെ ഭയന്നു കൊണ്ടുമായിരിക്കും അവരവിടെ നിലകൊള്ളുക. (സഅ്ദി: 39)

عَنْ أَبِي هُرَيْرَةَ، قَالَ: سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ «**يَقْبِضُ اللَّـهُ الأَرْضَ، وَيَطْوِي السَّمَوَاتِ بِيَمِينِهِ، ثُمَّ يَقُولُ: أَنَا المَلِكُ، أَيْنَ مُلُوكُ الأَرْضِ**»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "(അന്ത്യനാളിൽ) അല്ലാഹു ഭൂമിയെ കൈപ്പിടിയിലെടുക്കും. ആകാശത്തെ തന്റെ വലതുകരം കൊണ്ട് അവൻ ചുരുട്ടിയെടുക്കുകയും ചെയ്യും. ശേഷം അവൻ പറയും: 'ഞാനാണ് സർവ്വാധിരാജൻ! ഭൂമിയിലെ രാജാക്കന്മാരെവിടെ?!" (ബുഖാരി: 4812, മുസ്‌ലിം: 2787)

യൗമുദ്ദീൻ.

'യൗം' എന്നാൽ ദിവസം എന്നാണർത്ഥം; വേറെയും അർത്ഥങ്ങളിൽ ഈ പദം ഉപയോഗിക്കാറുണ്ട്. 'ദീൻ' എന്നാൽ മതം എന്ന അർത്ഥമുണ്ട്; ഇസ്‌ലാം ദീൻ എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. പ്രതിഫലം എന്ന അർത്ഥവും ഈ പദത്തിനുണ്ട്; ഇവിടെ ഉദ്ദേശ്യം അതാണ്. 'യൗമുദ്ദീൻ' എന്നാൽ പ്രതിഫലനാൾ എന്നു പറയാം.

ഇബ്നു അബ്ബാസ് -﵄- പറയുന്നു: "സൃഷ്ടികളെയെല്ലാം വിചാരണ ചെയ്യുന്ന ദിനമാണ് യൗമുദ്ദീൻ. അന്ത്യനാളാണ് അത് കൊണ്ട് ഉദ്ദേശ്യം. അന്നേ ദിവസം അവരുടെ പ്രവർത്തനങ്ങൾക്ക് അനുസരിച്ചുള്ള പ്രതിഫലം അവർക്ക് നൽകപ്പെടും. നന്മയാണ് ചെയ്തതെങ്കിൽ നല്ല പ്രതിഫലവും, തിന്മയാണെങ്കിൽ -അല്ലാഹു മാപ്പു നൽകിയവർക്കൊഴികെ- മോശമായ ശിക്ഷയും ലഭിക്കും." (മിസ്ബാഹുൽ മുനീർ: 28)

ആയത്ത് 5

إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ٥

5. (അല്ലാഹുവേ!) നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.

തഫ്സീർ

5. അല്ലാഹുവേ! ഞങ്ങളുടെ ആരാധനകളെല്ലാം നിനക്ക് മാത്രം ഞങ്ങൾ ഏകമാക്കുന്നു. നിന്നോടൊപ്പം ഒരാളെയും ഞങ്ങൾ പങ്കുചേർക്കുന്നതല്ല. ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും നിന്നെ കൊണ്ട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. കാരണം എല്ലാ കാര്യങ്ങളും നിന്റെ കയ്യിലാണ്; അതിൽ ഒരു അണുമണിത്തൂക്കം പോലും ഒരാളും ഉടമപ്പെടുത്തുന്നില്ല. നീയല്ലാതെ ഞങ്ങൾക്ക് ഒരു സഹായിയുമില്ല.

ഖുർആനിന്റെ പൊരുൾ:

അല്ലാഹുവിനെ കുറിച്ച് സൂചിപ്പിക്കുന്ന പദം ആദ്യം പ്രയോഗിക്കുകയും, ആരാധിക്കുന്ന അടിമകളെ സൂചിപ്പിക്കുന്ന പദം ശേഷം പ്രയോഗിക്കുകയും ചെയ്തു കൊണ്ട് അറബി വാചകങ്ങളുടെ പൊതുക്രമം വ്യത്യാസപ്പെടുത്തിയിട്ടുണ്ട് ഈ ആയത്തിൽ. [1]

അതിനാൽ കേവലം 'നിന്നെ ഞങ്ങൾ ആരാധിക്കുന്നു' എന്ന അർത്ഥത്തേക്കാൾ സൂക്ഷ്മമായ ആശയമാണ് ഇവിടെയുള്ളത്. 'നിന്നെ മാത്രമേ ഞങ്ങൾ ആരാധിക്കുന്നുള്ളൂ; നീയല്ലാതെ ഒരാളെയും ഞങ്ങൾ ആരാധിക്കുകയില്ല. നിന്നോടല്ലാതെ ഒരാളോടും ഞങ്ങൾ സഹായം തേടുകയോ ഭരമേൽപ്പിക്കുകയോ ഇല്ല.' എന്നെല്ലാമാണ് അത്.

അല്ലാഹുവിന് പരിപൂർണ്ണമായ അനുസരണവും കീഴൊ

1 الأَصْلُ تَقْدِيمُ الفَاعِلِ عَلَى المَفْعُولِ، إِلَّا أَنَّ المَفْعُولَ -إِيَّاكَ- هُنَا قُدِّمَ عَلَى الفَاعِلِ -فِي كَلِمَةِ نَعْبُدُ-، فَهَذَا يَدُلُّ عَلَى الحَصْرِ وَالاخْتِصَاصِ، فَإِنَّ تَقْدِيمَ مَا حَقُّهُ التَّأْخِيرُ يُفِيدُ الحَصْرَ، وَاللَّـهُ أَعْلَمُ.

തുക്കവും ഉറപ്പു നൽകുന്ന ഈ വാചകം യഥാർത്ഥത്തിൽ ദീൻ മുഴുവൻ ഉൾക്കൊള്ളുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായം തേടുകയും ചെയ്യുക എന്ന ഈ രണ്ട് അടിത്തറകൾക്ക് മേലാണ് ദീൻ മുഴുവൻ നിലകൊള്ളുന്നത്.

ഇതു കൊണ്ട് തന്നെയാണ് ചില മുൻഗാമികൾ പറഞ്ഞത്: ഫാതിഹഃ ഖുർആനിന്റെ പൊരുളാണ്. ഈ വചനം ഫാതിഹഃയുടെ പൊരുളുമാണ്. (മിസ്ബാഹുൽ മുനീർ: 29)

ഇബാദത്ത് (ആരാധന):

ഇബാദത്ത് എന്നാൽ ആരാധന എന്നാണ് പൊതുവെ അർത്ഥം നൽകാറുള്ളത്.

العِبَادَةُ: اسْمٌ جَامِعٌ لِكُلِّ مَا يُحِبُّهُ اللَّـهُ وَيَرْضَاهُ مِنَ الأَقْوَالِ وَالأَعْمَالِ الظَّاهِرَةِ وَالبَاطِنَةِ.

'അല്ലാഹുവിന് ഇഷ്ടമുള്ളതും പ്രിയങ്കരമായതുമായ, ഗോപ്യവും ബാഹ്യവുമായ എല്ലാ വാക്കുകൾക്കും പ്രവർത്തികൾക്കും' ഇസ്ലാമിൽ 'ഇബാദത്ത്' എന്ന പദം പ്രയോഗിക്കാം. (സഅ്ദി: 39, ഉബൂദിയ്യഃ / ഇബ്നു തൈമിയ്യഃ: 44)

ആരാധനയുടെ ഈ നിർവ്വചനം ഒരു ചെറിയ വിശദീകരണം അർഹിക്കുന്നുണ്ട്.

*** അല്ലാഹുവിന് ഇഷ്ടമുള്ളതും പ്രിയങ്കരമായതുമായ:** അല്ലാഹുവിന് ഒരു കാര്യം ഇഷ്ടമാകണമെങ്കിൽ രണ്ട് നിബന്ധനകൾ പാലിക്കപ്പെട്ടിരിക്കണം. **(1) ഇഖ്ലാസ്:** അത് അല്ലാഹുവിന് വേണ്ടി മാത്രമായി ചെയ്ത നിഷ്കളങ്കമായ പ്രവർത്തനമായിരിക്കണം. അല്ലാഹുവല്ലാത്തവർക്ക് പങ്കുനൽകപ്പെട്ട പ്രവർത്തനം അവന് പ്രിയങ്കരമാവില്ല. മറിച്ച്, അവന്റെ കോപമാണ് അത്തരം പ്രവർത്തനങ്ങൾ വരുത്തി വെക്കുക. **(2) ഇത്തിബാഅ്:** അല്ലാഹുവിനുള്ള ആരാധനകൾ നബി -ﷺ- പഠിപ്പിച്ചു തന്ന മാതൃക പാലിച്ചു കൊണ്ടായിരിക്കണം. അവിടുത്തെ മാതൃകയില്ലാത്ത പുതുനിർമ്മിതികൾ ഇസ്ലാമിൽ സ്വീകാര്യമല്ലാത്ത ബിദ്അത്തുകളിലാണ് ഉൾപ്പെടുക.

* **എല്ലാ വാക്കുകളും പ്രവർത്തികളും:** നാവു കൊണ്ട് പറയുന്ന വാക്കുകളും ശരീരാവയവങ്ങൾ കൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങളും ആരാധനയുടെ പരിധിയിൽ പെടും. ഖുർആൻ പാരായണവും നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും നാവു കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടും. നിസ്കാരവും നോമ്പും പോലുള്ളവ ശരീരാവയവങ്ങൾ കൊണ്ടുള്ള ആരാധനകളിലും പെടും.

* **ഗോപ്യമായതും ബാഹ്യമായതും:** പുറമേക്ക് പ്രകടമാവുന്ന ആരാധനകളും പ്രകടമാകാത്ത ആരാധനകളും എന്നർത്ഥം. ഹൃദയത്തിൽ മാത്രം സംഭവിക്കുന്ന ആരാധനകളുണ്ട്; അല്ലാഹുവിനോടുള്ള അങ്ങേയറ്റത്തെ സ്നേഹവും ഭയവും പ്രതീക്ഷയും ഹൃദയത്തിലെ ആരാധനകൾക്ക് ഉദാഹരണമാണ്. നിസ്കാരവും സകാത്തും പുറമേക്ക് പ്രകടമാകുന്ന ആരാധനകൾക്കും ഉദാഹരണമാണ്.

ഇസ്തിആനഃ (സഹായതേട്ടം):

'നീ ആഗ്രഹിക്കുന്ന ഉപകാരങ്ങൾ നേടിയെടുക്കുന്നതിനും, നീ ഭയപ്പെടുന്ന ഉപദ്രവങ്ങളെ തടുക്കുന്നതിനും അല്ലാഹുവിനോട് സഹായം ചോദിക്കുകയും, അവന്റെ മേൽ ഭരമേൽപ്പിക്കുകയും, അവൻ നിന്റെ ലക്ഷ്യം നടപ്പാക്കി നൽകുമെന്ന ഉറച്ച വിശ്വാസം കാത്തുസൂക്ഷിക്കുകയും ചെയ്യലാണ്' 'ഇസ്തിആനഃ' എന്നതിന്റെ ഉദ്ദേശ്യം. (സഅ്ദി: 39)

ചുരുക്കത്തിൽ, പ്രധാനമായും മൂന്നു കാര്യങ്ങൾ ഇസ്തിആനത്തിലുണ്ട്.

(1) അല്ലാഹുവിനോടുള്ള സഹായതേട്ടം.

(2) അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കൽ.

(3) അല്ലാഹു സഹായിക്കുമെന്ന ഉറച്ച വിശ്വാസം.

ഒരു മുസ്‌ലിം അല്ലാഹുവിനോടല്ലാതെ സഹായതേട്ടം നടത്താൻ പാടില്ല. സൃഷ്ടികളോട് സഹായംതേടുക എന്നത് ഇസ്ലാമിൽ ഒരു സന്ദർഭത്തിലും പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടില്ല. ചില സന്ദർഭങ്ങളിൽ ഇസ്ലാമിൽ നിന്ന് പുറത്തു പോകാൻ തന്നെ

കാരണമാകുന്ന ശിർക്കിൽ അകപ്പെടാനുള്ള കാരണം കൂടിയാണ് അല്ലാഹുവല്ലാത്തവരോടുള്ള സഹായതേട്ടം.

സഹായതേട്ടങ്ങൾ ശിർകാവുന്ന അവസ്ഥകളെ മൂന്നായി തിരിക്കാം.

(1) ഒരാൾക്ക് അസാധ്യമായ കാര്യങ്ങളിൽ സഹായം തേടിയാൽ: ഉദാഹരണത്തിന് ഹിദായത്ത് നൽകുന്നതിന് വേണ്ടി അല്ലാഹുവല്ലാത്തവരോട് ചോദിക്കൽ. കാരണം അല്ലാഹുവിന് മാത്രമാണ് ഹിദായത്ത് നൽകാൻ കഴിയുക. മറ്റൊരാൾക്കും അത് സാധ്യമല്ല.

രണ്ട്: മരിച്ചവരോട് സഹായം തേടിയാൽ: കാരണം മരിച്ചവർക്ക് നമ്മെ സഹായിക്കാനോ നമ്മുടെ പ്രയാസങ്ങൾ നീക്കിത്തരാനോ സാധിക്കുകയില്ല. മക്കയിലെ മുശ്രിക്കുകൾ ശിർക്കിൽ പതിക്കാനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് മരിച്ചവരോടുള്ള സഹായതേട്ടവും പ്രാർത്ഥനയുമായിരുന്നു.

മൂന്ന്: നിന്റെ തേട്ടം കേൾക്കാൻ കഴിയാത്തവരെ വിളിച്ചു തേടുക: എല്ലാ ശബ്ദങ്ങളും കേൾക്കാൻ കഴിയുന്നവൻ അല്ലാഹു മാത്രമാണ്. എല്ലാ തേട്ടങ്ങളും സഹായാഭ്യർത്ഥനകളും അറിയുന്നവനും അവൻ മാത്രമാണ്. അല്ലാഹുവിന് പുറമെ മറ്റാർക്കും അത് കഴിയില്ല. ആരെങ്കിലും തന്റെ ശബ്ദം കേൾക്കാൻ കഴിയാത്ത പരിധിയിലുള്ള ഒരാളോട് -അല്ലാഹു പൊതുവെ സൃഷ്ടികൾക്ക് നൽകിയ കഴിവുകളിൽ നിന്ന് വ്യത്യസ്തമായി- കേൾക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ വിളിച്ചു തേടിയാൽ അത് ശിർകിൽ പെടും. (അഖീദതുത്തൗഹീദ് / ഫൗസാൻ: 145)

ചില പാഠങ്ങൾ

1- തൗഹീദ്.

ആരാധനകളിൽ പെട്ട ഒരു കാര്യവും അല്ലാഹുവിനല്ലാതെ മറ്റൊരാൾക്കും നൽകാൻ പാടില്ല എന്നതിനുള്ള വ്യക്തമായ തെളിവാണ് ഈ വചനം. ഇബാദത്തിന്റെ (ആരാധന) ഇനങ്ങളിൽ പെട്ട ദുആയോ (പ്രാർത്ഥന), ഇസ്തിഗാഥയോ (സഹായ തേട്ടം), ബലിയർപ്പണമോ, ത്വവാഫോ (പ്രദക്ഷിണം) അല്ലാഹുവിനല്ലാതെ സമർപ്പിക്കാൻ ഒരു മുസ്‌ലിമിന് അനുവാദമില്ല. (തഫ്സീറുൽ മുയസ്സർ: 1)

2- ഹൃദയരോഗങ്ങൾക്കുള്ള ശമനം.

അല്ലാഹുവിന് പുറമെയുള്ളവരോട് ഹൃദയബന്ധം സ്ഥാപിക്കുന്നതിലൂടെ സംഭവിക്കുന്ന രോഗങ്ങൾക്കെല്ലാമുള്ള ശമനമാണ് ഈ ആയത്ത്. ജനങ്ങളെ കാണിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുക എന്ന ലോകമാന്യത്തിന്റെയും, സ്വന്തം പ്രവർത്തനങ്ങളിൽ മതിപ്പ് പുലർത്തുന്ന അഹംഭാവത്തിന്റെയും, മറ്റുള്ളവരെ താഴ്ന്നവരായി കാണുന്ന അഹങ്കാരത്തിന്റെയും രോഗങ്ങളെ ഈ വചനം നീക്കം ചെയ്യുന്നു. (തഫ്സീർ മുയസ്സർ: 1)

3-ഇബാദത്തും ഇസ്തിആനത്തും / ആരാധനയും സഹായതേട്ടവും.

ഈ ആയത്തിൽ ആദ്യം ഇബാദത്തും, പിന്നീട് സഹായ തേട്ടവുമാണ് പറഞ്ഞത്; കാരണം:

(1) ഇബാദത്ത് പൊതുവായ പദമാണ്. സഹായതേട്ടം ഇബാദത്തിൽ ഉൾപ്പെടുന്ന, അതിന്റെ കീഴിൽ വരുന്ന ഒരു ഇനം മാത്രമാണ്. ആദ്യം പൊതുവായ ഇനവും, പിന്നീട് അതിൽ ഉൾപ്പെടുന്ന ഒരു ഇനവും സൂചിപ്പിക്കുക എന്ന രീതിയുടെ ഭാഗമാണ് ഇത്.

(2) ഇബാദത്ത് അല്ലാഹുവിനുള്ള അവകാശമാണ്. സഹായതേട്ടം എന്നത് അടിമക്ക് അല്ലാഹു നൽകിയ അവകാശവും. അല്ലാഹുവിന്റെ അവകാശമാണ് അടിമയുടേതിനേക്കാൾ മുൻ

പ് പറയാൻ അർഹമായിട്ടുള്ളത്.

(3) ഒരാൾക്ക് അല്ലാഹുവിനെ ആരാധിക്കാൻ സാധിക്കണെമെങ്കിൽ അല്ലാഹുവിന്റെ സഹായം അനിവാര്യമാണ്. അല്ലാഹു ഒരാളെ സഹായിക്കാത്തിടത്തോളം അവന് അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കാനും, അല്ലാഹു വിലക്കിയ കാര്യങ്ങൾ ഉപേക്ഷിക്കാനും സാധ്യമല്ല. അതിനാൽ അല്ലാഹുവിനെ ആരാധിക്കാൻ ഉദ്ദേശിക്കുന്നവൻ എപ്പോഴും അവനോട് സഹായം തേടിക്കൊണ്ടിരിക്കണം എന്ന സൂചനയും ഈ വചനത്തിലുണ്ട്. (സഅ്ദി: 39)

(4) അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യുക എന്നതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം. അല്ലാഹുവിനോടുള്ള സഹായതേട്ടം ഈ ലക്ഷ്യം നിർവ്വഹിക്കാനുള്ള നിരവധി മാർഗങ്ങളിലൊന്നാണ്. മാർഗത്തേക്കാൾ മുൻഗണന നൽകപ്പെടേണ്ടത് ലക്ഷ്യത്തിനാണ്. (മിസ്ബാഹുൽ മുനീർ: 29)

അല്ലാഹു അഅ്ലം.

4- 'ഞങ്ങൾ'.

'ഞാൻ നിന്നെ മാത്രം ആരാധിക്കുന്നു' എന്നു പറയാതെ 'ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു' എന്ന് പ്രയോഗിച്ചതിന്റെ പിറകിലെ ഉദ്ദേശ്യം ചിലർ വിശദീകരിച്ചിട്ടുണ്ട്. അതിപ്രകാരമാണ്:

(1) അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന അവന്റെ അടിമകളെ മുഴുവൻ ഉദ്ദേശിച്ചു കൊണ്ടാണ് ഇപ്രകാരം പ്രയോഗിച്ചത്. പ്രത്യേകിച്ച് ജമാഅത്തായി നിസ്കരിക്കുന്ന വേളയിലും മറ്റും. ചുരുക്കത്തിൽ, അല്ലാഹുവിനെ ആരാധിക്കുകയും അവന്റെ പ്രീതി ഉദ്ദേശിച്ചു കൊണ്ട് നിസ്കരിക്കുകയും ചെയ്യുന്ന സ്വന്തത്തെയും തന്നോടൊപ്പമുള്ള മറ്റുള്ളവരെയും ഉദ്ദേശിച്ചു കൊണ്ടാണ് 'ഞങ്ങൾ' എന്നു പ്രയോഗിച്ചത്.

(2) 'ഞാൻ ആരാധിക്കുന്നു' എന്നു പറയുന്നതിനേക്കാൾ വിനയം നിറഞ്ഞ പ്രയോഗം 'ഞങ്ങൾ' എന്നതാണ്. കാരണം 'ഞാൻ' എന്ന പ്രയോഗം സ്വന്തത്തെ ഉയർത്തിക്കാട്ടുന്ന വിധ

ത്തിലുള്ളതാണ്; അല്ലാഹുവിനെ അവന് അർഹമായ വിധത്തിൽ ആരാധിക്കുക എന്നതാകട്ടെ, ഒരാൾക്കും സാധ്യമായ കാര്യമേയല്ല. അതിനാൽ 'ഞങ്ങൾ' എന്ന് പറയുന്നതാണ് അല്ലാഹുവിന്റെ മുൻപിൽ അനുയോജ്യമായുള്ളത്. അല്ലാഹുവിനാണ് കൂടുതൽ അറിയുക. (അൽയസീർ ഫിഖ്തിസാരി തഫ്ഫ്സീരി ഇബ്നു കഥീർ: 1/37)

3- ഇബാദത്തും തവക്കുലും.

'ഇയ്യാക നഅ്ബുദു' എന്ന വാക്ക് അല്ലാഹുവിന് മാത്രം ആരാധനകളും ഇബാദത്തുകളും ഏകമാക്കുന്നു; ശിർക്കിൽ നിന്നുള്ള വിടുതൽ പ്രഖ്യാപനമാണ് ആ പ്രസ്താവന. മറ്റൊരർത്ഥത്തിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി ഒരാളുമില്ല) എന്ന വാക്കിന്റെ വിശദീകരണമാണ് അത്.

'ഇയ്യാക നസ്തഈൻ' എന്ന വാക്ക് സഹായതേട്ടം അല്ലാഹുവിനോട് മാത്രമേ ചെയ്യൂ എന്ന കരാറാണ്. തന്റെ സ്വന്തത്തിനോ മറ്റേതെങ്കിലും സൃഷ്ടികൾക്കോ എന്തെങ്കിലുമൊരു കഴിവോ ശക്തിയോ ഇല്ലെന്ന ഏറ്റുപറച്ചിലും, എന്റെ കാര്യങ്ങളെല്ലാം ഞാൻ അല്ലാഹുവിനെ ഏൽപ്പിച്ചിരിക്കുന്നു എന്ന തവക്കുലും ഈ വാക്കിലുണ്ട്. ഒരർത്ഥത്തിൽ, 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ്' (അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു ശക്തിയോ അവസ്ഥാന്തരമോ ഇല്ല) എന്ന വാക്കിന്റെ വിശദീകരണമാണ് ഈ രണ്ടാം വാചകം.

വിശുദ്ധ ഖുർആനിലെ അനേകം വചനങ്ങളിൽ ഈ ചേർത്തുപറച്ചിൽ -ആരാധനയും ഭരമേൽപ്പിക്കലും (ഇബാദത്തും തവക്കുലും) കാണാൻ കഴിയും. (ഉദാഹരണങ്ങൾ: ഹൂദ്: 123, മുൽക്: 29, മുസമ്മിൽ: 9)

ആയത്ത് 6

6. (അല്ലാഹുവേ!) നേരായ മാർ ഗത്തിലേക്ക് (സ്വിറാത്വുൽ മു സ്തഖീമിലേക്ക്) ഞങ്ങളെ നീ നയിക്കേണമേ!

ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ۝٦

തഫ്സീർ

6. സ്വിറാത്വുൽ മുസ്തഖീം എന്ന നേരായ മാർഗത്തിലേക്ക് ഞങ്ങൾക്ക് നീ വഴികാണിക്കുകയും, അതിലേക്ക് ഞങ്ങളെ നയിക്കുകയും, സന്മാർഗം ഞങ്ങൾക്ക് വർദ്ധിപ്പിച്ചു നൽകുകയും, നിന്നെ കണ്ടുമുട്ടുന്നത് വരെ ആ മാർഗത്തിൽ ഞങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യേണമേ!

'സ്വിറാത്വുൽ മുസ്തഖീം' എന്നാൽ വളവുകളേതുമില്ലാത്ത, നേരായ മാർഗം എന്നാണർത്ഥം. ഇസ്‌ലാമാകുന്നു അത്. അല്ലാഹുവിന്റെ തൃപ്തിയിലേക്കും അവന്റെ സ്വർഗത്തിലേക്കും നയിക്കുന്ന, അന്തിമപ്രവാചകനും അല്ലാഹുവിന്റെ ദൂതന്മാരിൽ അവസാനത്തെ ദൂതനുമായ മുഹമ്മദ് നബി -ﷺ- കാണിച്ചു തന്ന വഴിയാണ് അത്.

ആ മാർഗത്തിൽ ഉറച്ചു നിൽക്കുക എന്നതല്ലാതെ, ഇഹലോകത്തും പരലോകത്തും സൗഭാഗ്യം എത്തിപ്പിടിക്കാൻ മറ്റൊരു വഴിയും ഒരാൾക്കും മുന്നിലില്ല.

നാല് തേട്ടങ്ങൾ:

'ഞങ്ങളെ നേർമാർഗത്തിലേക്ക് നയിക്കേണമേ!' എന്ന പ്രാർത്ഥനയിൽ നാല് കാര്യങ്ങൾ ഒരാൾ അല്ലാഹുവിനോട് തേടുന്നുണ്ട്.

(1) നേരായ മാർഗം ഏതാണെന്ന് അറിയിച്ചു തരാനുള്ള പ്രാർത്ഥന (العِلْمُ). സത്യത്തിന്റെ വഴി ഏതാണെന്ന് അറിവില്ലാതെ, അജ്ഞതയിൽ അകപ്പെട്ടവരിൽ നിന്ന് രക്ഷപ്പെടാനുള്ള തേട്ടമാണത്.

(2) സത്യമാണെന്ന് ബോധ്യപ്പെട്ടതിന് ശേഷം ഇസ്‌ലാമിന്റെ ആ മാർഗത്തിലേക്ക് പ്രവേശിക്കാനും, അത് പ്രാവർത്തികമാക്കാനുമുള്ള സൗഭാഗ്യത്തിനായുള്ള തേട്ടം (العَمَـــلُ). ശരിയുടെ മാർഗം തിരിച്ചറിഞ്ഞതിന് ശേഷവും അഹങ്കാരത്തോടെ അതിൽ പ്രവേശിക്കാതെ മാറിനിൽക്കുന്നവരിൽ നിന്ന് രക്ഷപ്പെടാൻ ഈ പ്രാർത്ഥന സഹായിക്കുന്നു.

(3) ഇസ്‌ലാമിന്റെ മാർഗത്തിൽ പ്രവേശിച്ചതിന് ശേഷം നന്മയുടെ വഴികൾ അധികരിപ്പിക്കാനുള്ള തേട്ടം (زِيَــادَةُ الإِيمَــانِ). ഇസ്‌ലാമിൽ പ്രവേശിച്ചുവെങ്കിലും അതിലെ നന്മകൾ ചെയ്യുന്നതിൽ മുന്നേറാൻ കഴിയാതെ പിറകോട്ടു പോകുന്നവരിൽ നിന്ന് രക്ഷപ്പെടാൻ ഈ പ്രാർത്ഥന സഹായിക്കുന്നു.

(4) മരണം വരെയും, മരണശേഷം സ്വർഗത്തിലേക്കുള്ള വഴിയിൽ നരകത്തിന് മുകളിലായി നാട്ടപ്പെട്ടിരിക്കുന്ന -സ്വിറാത്ത് പാലത്തിന് മേലും- ഉറപ്പിച്ചു നിർത്താൻ വേണ്ടിയുള്ള പ്രാർത്ഥന (الثَّبَــاتُ). ഇസ്‌ലാമിൽ പ്രവേശിച്ചതിന് ശേഷം മരണത്തിന് മുൻപ് ആ മാർഗം ഉപേക്ഷിച്ചവരിൽ നിന്നും, സ്വിറാത്ത് പാലത്തിന് മുകളിൽ നിന്ന് തെന്നിവീഴുന്ന ഹതഭാഗ്യരിൽ നിന്നും രക്ഷപ്പെടാൻ ഈ പ്രാർത്ഥന സഹായകമാണ്.

സ്വിറാത്തുൽ മുസ്തഖീം:

'സ്വിറാത്വുൽ മുസ്തഖീം' എന്ന അറബി പദത്തിന്റെ ഭാഷാപരമായ അർത്ഥം 'വളവുകളില്ലാത്ത, നേരായതും വ്യക്തമായതുമായ മാർഗം' എന്നാണ്; ഇക്കാര്യത്തിൽ ഏകാഭിപ്രായമുണ്ട് എന്ന് ത്വബരി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ സൂറ. ഫാതിഹഃയിലെ ഈ ആയത്തിൽ അതു കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്? - പണ്ഡിതന്മാർ നൽകിയ വിശദീകരണങ്ങളുടെ ചുരുക്കം ഇവിടെ നൽകാം:

1- വിശുദ്ധ ഖുർആൻ.

2- ഇസ്‌ലാം മതം (ഇബ്നു അബ്ബാസ് -رضي الله عنه-).

3- അല്ലാഹു തന്റെ ദാസന്മാരിൽ നിന്ന് സ്വീകരിക്കുന്ന ഏകമതം (ഇബ്നുൽ ഹനഫിയ്യഃ -رحمه الله-).

4- സത്യമായ മാർഗം (മുജാഹിദ് -رحمه الله-).

5- നബി -ﷺ- യും അവിടുത്തെ രണ്ട് അനുചരന്മാരും -അതായത് അബൂബക്ർ സിദ്ധീഖും ഉമർ ബ്നുൽ ഖത്താബും -رضي الله عنهما- നിലകൊണ്ട മാർഗം (അബുൽ ആലിയഃ -رحمه الله-).

യഥാർത്ഥത്തിൽ ഈ വിശദീകരണങ്ങളെല്ലാം പദങ്ങളിൽ വ്യത്യസ്തമാണെങ്കിലും അവയുടെ ഉദ്ദേശ്യം വന്നുചേരുന്നത് ഒരേ കാര്യത്തിലേക്കാണ്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുക എന്നതാണ് പ്രസ്തുത വിശദീകരണങ്ങളുടെ ആകെത്തുക.

ആരെങ്കിലും യഥാർത്ഥ ഇസ്‌ലാമാണ് പിൻപറ്റുന്നത് എങ്കിൽ, അവൻ നബി -ﷺ- യെയും അവിടുത്തെ ശേഷമുള്ള രണ്ട് അനുചരന്മാരായ അബൂബക്റിനെയും ഉമറിനെയും -رضي الله عنهما- പിൻപറ്റിയിരിക്കുന്നു. ആ മാർഗം പിൻപറ്റിയവർ സത്യമായ മാർഗത്തിലാണുള്ളത്. സത്യമായ മാർഗം ഇസ്‌ലാം തന്നെയാണ്. ഇസ്‌ലാം സ്വീകരിച്ച വ്യക്തി ഖുർആൻ പിൻപറ്റിയിരിക്കും. - ചുരുക്കത്തിൽ ഈ അഭിപ്രായങ്ങളെല്ലാം യഥാർത്ഥത്തിൽ ഒന്നു മാത്രമാണ്; അവയുടെ വാക്കുകളിൽ മാത്രമേ വ്യത്യാസമുള്ളൂ എന്നതാണ് സത്യം. (അൽയസീർ / ഇബ്നു കഥീർ: 1/38)

ചില പാഠങ്ങൾ

1- ഏറ്റവും പ്രയോജനകരമായ പ്രാർത്ഥന:

ഏറ്റവും ആശയസമ്പുഷ്ഠവും ഏറ്റവും ഉപകാരപ്രദവുമായ പ്രാർത്ഥനയാണ് ഇത്. അതു കൊണ്ടാണ് ഓരോ നിസ്കാരങ്ങളിലും എല്ലാ റക്അത്തുകളിലും ഈ ദുആ പറയുക എന്നത് അല്ലാഹു മുസ്‌ലിമിന്റെ മേൽ നിർബന്ധമാക്കിയത്. (സഅ്ദി: 39)

പ്രപഞ്ചത്തിൽ ഒരാൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹം ഇസ്‌ലാം സ്വീകരിക്കാൻ കഴിയുക എന്നതാണെന്ന് ഈ ആയത്ത് അറിയിക്കുന്നു. കാരണം ഇതിനേക്കാൾ വലിയ മറ്റൊരു അനുഗ്രഹമുണ്ടായിരുന്നെങ്കിൽ അല്ലാഹു തന്റെ

അടിമകളോട് അതിന് വേണ്ടി പ്രാർത്ഥിക്കാൻ കൽപ്പിക്കുമായിരുന്നു. (അൽമുയസ്സർ: 1)

2- ഹിദായത്ത്.

ഹിദായത്ത് (സന്മാർഗത്തിലേക്ക് നയിക്കപ്പെടുക) എന്നത് രണ്ട് രൂപത്തിലുണ്ട്.

ഒന്ന്: ഇസ്ലാമിലേക്കുള്ള ഹിദായത്താണ്. ഈ ദീൻ മുറുകെ പിടിക്കാനും, ഇസ്ലാമല്ലാത്ത എല്ലാ മതങ്ങളെയും ഉപേക്ഷിക്കാനുമുള്ള സൗഭാഗ്യം ലഭിക്കുക എന്നതാണ് അതു കൊണ്ട് ഉദ്ദേശിക്കുന്നത്.

രണ്ട്: ഇസ്ലാമിലുള്ള ഹിദായത്താണ്. ഇസ്ലാമിൽ പ്രവേശിച്ച ശേഷം, ഈ മതത്തിൽ പഠിപ്പിക്കപ്പെട്ട വിജ്ഞാനങ്ങൾ അറിയാനും, പ്രവർത്തനങ്ങൾ ജീവിതത്തിൽ അനുഷ്ഠിക്കാനും സാധിക്കുക എന്നത് ഇസ്ലാമിനുള്ളിൽ ഒരാൾക്ക് ലഭിച്ചിരിക്കേണ്ട സൗഭാഗ്യമാണ്. (സഅ്ദി: 39)

3- പ്രാർത്ഥനയുടെ മര്യാദ.

മുൻപുള്ള ആയത്തുകളിൽ അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ മഹത്വം പ്രകീർത്തിക്കുകയും ചെയ്തതിന് ശേഷമാണ് ഈ ആയത്തിൽ അല്ലാഹുവിനോടുള്ള പ്രാർത്ഥന വന്നിരിക്കുന്നത്. ഇത് ഏറ്റവും അനുയോജ്യവും സന്ദർഭോചിതവുമാണ്. സൂറത്തുൽ ഫാതിഹഃയാകട്ടെ, അതിന്റെ ആദ്യ ഭാഗം അല്ലാഹുവിനും, രണ്ടാം ഭാഗം തന്റെ അടിമക്കും ഉള്ളതാണെന്ന് ഹദീഥിൽ വന്നിട്ടുമുണ്ട്.

അല്ലാഹുവിനെ പുകഴ്ത്തിയതിന് ശേഷം അവനോട് തന്റെ ആവശ്യങ്ങൾ പറയുക യാണ് വേണ്ടത് എന്ന ദുആഇന്റെ മര്യാദ ഈ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാം. പ്രാർത്ഥന സ്വീകരിക്കപ്പെടാൻ ഏറ്റവും സഹായകമായ വഴിയാണിത്. (അൽയസീർ / ഇബ്നു കഥീർ: 1/37-38)

4- ഹിദായത്തിലുള്ള ഒരാൾ എന്തിന് ഈ പ്രാർത്ഥന നിർവ്വഹിക്കണം?

ഇസ്‌ലാം സ്വീകരിക്കുകയും, അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും ചെയ്ത ഒരാൾ എന്തിനാണ് ഹിദായത്തിനും സന്മാർഗത്തിനും വേണ്ടി പ്രാർത്ഥിക്കുന്നത്? അവൻ നിലവിൽ ഹിദായത്തിലാണല്ലോ; നിലവിലുള്ള ഒരു കാര്യത്തിന് വേണ്ടി എന്തിനാണ് വീണ്ടും ചോദിക്കുന്നത് എന്ന് ചിലർ സംശയിച്ചേക്കാം.

അവർക്കുള്ള ഉത്തരം ലളിതമാണ്. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള സന്മാർഗത്തിന് മനുഷ്യൻ എല്ലാ നിമിഷവും ആവശ്യക്കാരനല്ലായിരുന്നെങ്കിൽ അല്ലാഹു നിരന്തരമായി ഇക്കാര്യം തേടാൻ അവനോട് കൽപ്പിക്കുകയില്ലായിരുന്നു.

ഒരാൾക്ക് ഇസ്‌ലാമിലേക്ക് ഹിദായത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ പോലും, അതിൽ തന്നെ അവനെ ഉറപ്പിച്ചു നിർത്താനും സന്മാർഗം കൂടുതലായി ലഭിക്കാനും അതിൽ തുടർന്നു പോകാനും അല്ലാഹുവിന്റെ സഹായം കൊണ്ടല്ലാതെ അവന് സാധിക്കുകയില്ല. കാരണം തന്റെ കാര്യം -അല്ലാഹുവിന്റെ സഹായമില്ലാതെ- നിയന്ത്രിക്കാൻ അവന് യാതൊരു ശേഷിയുമില്ല.

ചുരുക്കത്തിൽ, ഓരോ തവണ ഹിദായത്ത് തേടുമ്പോഴും നേരായ മാർഗത്തിൽ തന്നെ ഉറപ്പിച്ചു നിർത്താനും, ആ വഴിയിൽ തനിക്ക് സഹായമേകാനും കൂടിയാണ് അവൻ ചോദിച്ചു കൊണ്ടിരിക്കുന്നത് എന്നർത്ഥം. (അൽയസീർ / ഇബ്നു കഥീർ: 1/38-39)

5- പ്രാർത്ഥന അല്ലാഹുവിനോട് മാത്രം.

എല്ലാ ദിവസവും അല്ലാഹുവിനെ മാത്രമേ ഞങ്ങൾ ആരാധിക്കൂ എന്നും അവനോട് മാത്രമേ ഞങ്ങൾ സഹായം തേടുകയുള്ളൂ എന്ന് ഏറ്റുപറയിപ്പിക്കുകയും, തൊട്ടുടനെ സന്മാർഗത്തിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെ അല്ലാഹുവിനോട് മാത്രം പ്രാർത്ഥിപ്പിക്കാൻ ശീലിപ്പിക്കുകയാണ് സൂറ. ഫാതിഹഃയിലെ ഈ വചനങ്ങൾ.

(തഫ്സീർ ഇബ്നി ഉഥൈമീൻ / 1/16)

ഈ ശീലം ഹൃദയത്തിലുറച്ച ഒരാൾക്ക് എങ്ങനെയാണ് അല്ലാഹുവിന് പുറമെ നബിമാരോടോ ഔലിയാക്കളോടോ നിർജ്ജീവവസ്തുക്കളോടോ വിഗ്രഹങ്ങളോടോ ഖബ്റാളികളോടോ സഹായം തേടാനും ഭരമേൽപ്പിക്കാനും സാധിക്കുക?!

ആയത്ത് 7

صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ۝٧

7. നീ അനുഗ്രഹിച്ചവരുടെ മാർഗ ത്തിലേക്ക് (ഞങ്ങളെ നയിക്കേണെ മേ!). കോപിക്കപ്പെട്ടവരുടെയോ, വ ഴികേടിലായവരുടെയോ അല്ലാത്ത (മാർഗത്തിലേക്ക്).

തഫ്സീർ

7. അല്ലാഹുവേ! നീ അനുഗ്രഹിച്ചവരുടെ മാർഗത്തിലേക്ക് (ഞങ്ങളെ നയിക്കേണമേ!). അല്ലാഹുവിന്റെ ദൂതന്മാരായ ന ബിമാരുടെയും, അവരെ സത്യപ്പെടുത്തിയ സ്വിദ്ദീഖുകളുടെ യും, നിന്റെ മാർഗത്തിൽ രക്തസാക്ഷികളായ ശുഹദാക്കളുടെ യും, സൽകർമ്മികളായ സ്വാലിഹീങ്ങളുടെയും വഴിയാണത്. നേർമാർഗം ലഭിച്ചവരും അതിൽ അടിയുറച്ചു നിലയുറപ്പിച്ചവ രുമായിരുന്നു അവരെല്ലാം.

സത്യമാർഗം ഏതാണെന്ന് തിരിച്ചറിഞ്ഞതിന് ശേഷവും അതു പ്രകാരം പ്രവർത്തിക്കാതിരുന്ന, കോപിക്കപ്പെട്ടവരുടെ വഴിയിൽ പ്രവേശിച്ചവരിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ! യഹൂ ദരും, അവരുടെ മാർഗത്തിൽ ചരിക്കുന്നവരുമാണ് കോപിക്ക പ്പെട്ടവർ എന്നത് കൊണ്ട് ഉദ്ദേശ്യം.

അജ്ഞതയും അറിവില്ലായ്മയും, സത്യം അന്വേഷിക്കുന്ന തിൽ വരുത്തിയ അലസതയും കാരണത്താൽ ശരിയായ മാർ ഗത്തിലേക്ക് എത്തിപ്പെടാതിരിക്കുകയും, അങ്ങനെ സത്യമാർ ഗത്തിൽ നിന്ന് തെറ്റിപ്പോവുകയും ചെയ്തവരുടെ വഴിയിലും ഞങ്ങളെ ഉൾപ്പെടുത്തരുതേ! നസ്വാറാക്കളും അവരുടെ ചര്യ പിൻപറ്റിയവരുമാണ് 'വഴികേടിലായവർ' എന്നത് കൊണ്ട് ഇവി ടെ ഉദ്ദേശ്യം.

സത്യം തിരിച്ചറിഞ്ഞതിന് ശേഷവും പരസ്യമായി അതിനെ

നിഷേധിക്കുന്ന കടുത്ത അഹങ്കാരത്തിന്റെ രോഗത്തിൽ നിന്നും, അറിവില്ലായ്മയിലും അജ്ഞതയിലും അകപ്പെട്ടു വഴിപിഴക്കുന്ന അവസ്ഥയിൽ നിന്നും മുസ്‌ലിമിനെ രക്ഷപ്പെടുത്തുന്ന മനോഹരമായ പ്രാർത്ഥനയാണിത്.

ഈ ആയത്തോടു കൂടെ സൂറത്തുൽ ഫാതിഹഃയുടെ പാരായണം അവസാനിക്കുന്നു. നിസ്കാരത്തിൽ ഫാതിഹഃ പാരായണം ചെയ്തു കഴിഞ്ഞതിന് ശേഷം 'ആമീൻ' എന്നു പറയൽ സുന്നത്താണ്. 'അല്ലാഹുവേ! (ഈ പ്രാർത്ഥനക്ക്) ഉത്തരം നൽകണേ!' എന്നാണ് അതിന്റെ അർത്ഥം. 'ആമീൻ' എന്ന വാചകം സൂറത്തുൽ ഫാതിഹഃയിലെ ആയത്തുകളിൽ പെട്ടതല്ല എന്നതിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമുണ്ട്. ഇതു കൊണ്ടാണ് മുസ്ഹഫുകളിൽ ഈ വാചകം രേഖപ്പെടുത്തപ്പെടാതിരുന്നത്.

ചില പാഠങ്ങൾ

1- അറിവും പ്രവർത്തനവും.

സത്യത്തിന്റെ വഴി ഏതാണെന്ന് അറിയാനും അത് പ്രാവർത്തികമാക്കാനും അല്ലാഹു സൗഭാഗ്യം നൽകിയവരാണ് അവന്റെ പക്കൽ നിന്ന് അനുഗ്രഹം ലഭിച്ചവർ. അല്ലാഹു കൽപ്പിച്ച കാര്യങ്ങൾ അവർ പ്രാവർത്തികമാക്കുകയും, അവൻ വിലക്കിയ കാര്യങ്ങൾ അവർ ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ചു കൊണ്ട് -'ഇഖ്ലാസ്' ഉള്ളവരായും-, നബി -ﷺ- യുടെ മാതൃക പിൻപറ്റിക്കൊണ്ട് -'ഇത്തിബാഅ്' ഉള്ളവരായും- അവർ ജീവിതം നയിക്കുന്നു.

ഇവരെ കുറിച്ചാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُو۟لَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ ۚ وَحَسُنَ أُو۟لَٰٓئِكَ رَفِيقًا ﴿٦٩﴾

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ നബിമാർ, സിദ്ധീഖുകൾ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ എന്നിവരോടൊപ്പമായിരിക്കും. എത്ര നല്ല കൂട്ടുകാരാകുന്നു അവർ!" (നിസാഅ്: 69)

ചുരുക്കത്തിൽ, ജനങ്ങളുടെ കൂട്ടത്തിൽ ശരിയായ മാർഗത്തെ കുറിച്ച് ഏറ്റവുമധികം അറിവുള്ളവരും, അതിനെ ഏറ്റവുമധികം പിൻപറ്റുന്നവരും ആരാണോ; അവരാണ് സ്വിറാത്വുൽ മുസ്തഖീമിനോട് ഏറ്റവും ബന്ധവും അടുപ്പവുമുള്ളവർ. (അൽമുഹററർ: 1/47, അൽമുയസ്സർ: 1.)

2- സ്വഹാബികളുടെ ശ്രേഷ്ഠത.

അല്ലാഹുവിന്റെ ദൂതന്മാർ കഴിഞ്ഞാൽ ജനങ്ങളുടെ കൂട്ടത്തിൽ ഏറ്റവുമധികം സത്യമാർഗം ഏതാണെന്ന അറിവുണ്ടായിരുന്നതും, അത് ഏറ്റവുമധികം പ്രാവർത്തികമാക്കിയിരുന്നവരും നബി -ﷺ- യുടെ അനുചരന്മാരായ സ്വഹാബികളായിരുന്നു എന്നതിൽ സംശയമില്ല. ഈ ആയത്ത് അവരുടെ ശ്രേഷ്ഠതയും മഹത്വവും അവർക്കുള്ള ഉന്നതസ്ഥാനവും അറിയിക്കുന്നു. അല്ലാഹു അവരേവരെയും തൃപ്തിപ്പെടുമാറാകട്ടെ. (അൽമുയസ്സർ: 1)

3- യഹൂദരും നസ്വാറാക്കളും.

عَنْ عَدِيِّ بْنِ حَاتِمٍ رَضِيَ اللَّهُ عَنْهُ، قَالَ: قَالَ رَسُولُ اللَّهِ -ﷺ- : «**إِنَّ الْمَغْضُوبَ عَلَيْهِمُ الْيَهُودُ، وإِنَّ الضَّالِّينَ النَّصَارَى**»

അദിയ്യു ബ്നു ഹാതിം -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "കോപിക്കപ്പെട്ടവർ യഹൂദരാണ്. വഴിപിഴച്ചവർ നസ്വാറാക്കളും." (അഹ്മദ്: 19381, ഇബ്നു ഹിബ്ബാൻ: 7206, ത്വബ്റാനി: 237, സ്വഹീഹഃ / അൽബാനി: 3263)

കോപിക്കപ്പെട്ടവർ എന്നതിന്റെ പ്രാഥമിക വിവക്ഷ യഹൂദരാണ്. സത്യം ഏതാണെന്ന് ബോധ്യപ്പെട്ടതിന് ശേഷവും അത് സ്വീകരിക്കാൻ വിസമ്മതം പ്രകടിപ്പിച്ചു എന്നതാണ് യഹൂദർക്ക് അല്ലാഹുവിന്റെ കോപം വന്നുഭവിക്കാനുള്ള കാരണം. ഇതു കൊണ്ട് തന്നെ അല്ലാഹുവിന്റെ കോപം അവരെ ബാധിച്ചു എന്നറിയിക്കുന്ന അനേകം വചനങ്ങൾ ഖുർആനിൽ കാണാം. (ഉദാ: ബഖറ: 90, മാഇദഃ: 60, 78-79)

വഴിപിഴച്ചവർ എന്നതിന്റെ പ്രഥമ ഉദ്ദേശ്യം നസ്വാറാക്കളാണ്. സത്യം അറിയാതെ പോവുകയും, വ്യക്തമായ അറിവിന്റെ

അടിസ്ഥാനത്തിലല്ലാതെ അല്ലാഹുവിനെ ആരാധിക്കാൻ ശ്രമിക്കുകയും ചെയ്തതാണ് അവരുടെ വഴികേടിന്റെ കാരണം. അവരുടെ ഈ വിശേഷണം ബോധ്യപ്പെടുത്തുന്ന വചനങ്ങളും ഖുർആനിൽ കാണാം. (ഉദാ: മാഇദഃ: 14, 77)

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം; യഹൂദരും നസ്വാറാക്കളും ഒരേ സമയം കോപിക്കപ്പെട്ടവരും വഴികേടിലായവരും തന്നെയാണ്. പക്ഷേ, യഹൂദർ അറിഞ്ഞു കൊണ്ട് സത്യം ഉപേക്ഷിച്ചതിനാൽ അല്ലാഹുവിന്റെ കോപമാണ് അവരുടെ കാര്യത്തിൽ കൂടുതൽ പ്രത്യേകമായി നിലകൊള്ളുന്ന വിശേഷണം. നസ്വാറാക്കൾ അറിവില്ലാതെ നിലകൊള്ളുകയും, നബി -ﷺ- യെ പിൻപറ്റാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ അവരുടെ കാര്യത്തിൽ വഴികേട് എന്ന വിശേഷണമാണ് കൂടുതൽ പ്രത്യേകമായിട്ടുള്ളത് എന്നും മാത്രമേയുള്ളൂ.

ഈ രണ്ട് മാർഗഭ്രംശങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗം അല്ലാഹുവിന്റെ ദൂതനെ പിൻപറ്റുക എന്നതാണ്. അത് ചെയ്തില്ല എന്നിടത്താണ് രണ്ടു വിഭാഗത്തിനും -യഹൂദർക്കും ന സ്വാറാക്കൾക്കും- അടിസ്ഥാനപരമായ പിഴവ് സംഭവിച്ചത്. (അൽയസീർ / ഇബ്നു കഥീർ: 1/39-40.)

4- അല്ലാഹുവിനെ കുറിച്ചുള്ള പ്രയോഗങ്ങളിലെ മര്യാദ.

സൂറ. ഫാതിഹഃയിലെ 6, 7 വചനങ്ങളിൽ അല്ലാഹുവിനെ കുറിച്ച് സംസാരിക്കുമ്പോൾ പാലിച്ചിരിക്കേണ്ട മനോഹരമായ ഒരു മര്യാദയിലേക്കുള്ള സൂചനയുണ്ട്. അനുഗ്രഹങ്ങൾ അല്ലാഹുവിലേക്ക് ചേർത്തു പറയുകയും, പ്രയാസങ്ങൾ സൃഷ്ടികളിലേക്ക് ചേർത്തു പറയുകയും ചെയ്യുക എന്ന മര്യാദയാണത്.

നേർമാർഗത്തിലേക്ക് നയിച്ചു കൊണ്ട് അനുഗ്രഹിച്ചവരുടെ കാര്യം പറഞ്ഞപ്പോൾ 'നീ അനുഗ്രഹിച്ചവർ' എന്ന പ്രയോഗത്തിലൂടെ അല്ലാഹുവിനെ നേർക്കുനേരെ അഭിസംബോധന ചെയ്യുന്ന ശൈലിയാണ് വന്നിട്ടുള്ളത്.

എന്നാൽ 'കോപിക്കപ്പെട്ടവർ' എന്ന പ്രയോഗം നോക്കൂ; യഹൂദരോട് കോപിച്ചത് അല്ലാഹുവാണെങ്കിലും 'നീ കോപിച്ച

വർ' എന്ന് വാചകത്തിൽ പ്രയോഗിക്കുകയുണ്ടായില്ല. മറിച്ച്, അല്ലാഹുവിന്റെ പേര് നേർക്കുനേരെ പറയാതെ പോവുകയാണുണ്ടായത്. 'വഴിപിഴച്ചവർ' എന്ന പ്രയോഗവും ഇതു പോലെത്തന്നെ; അല്ലാഹുവാണ് -അവന്റെ വിധിനിർണ്ണയത്തിലൂടെ- അവരെ വഴിപിഴപ്പിച്ചത് എങ്കിലും, 'നീ വഴിപിഴപ്പിച്ചവർ' എന്ന് അവിടെയും പ്രയോഗിച്ചില്ല. തിന്മകൾ സൃഷ്ടികളിലേക്ക് ചേർത്തു പറയുക എന്ന ശൈലിയാണ് ഇവിടെയെല്ലാമുള്ളത്. (അൽയസീർ / ഇബ്നു കഥീർ: 1/41)

5- അനുഗ്രഹം അല്ലാഹുവിൽ നിന്നുമാത്രം.

'അല്ലാഹു അനുഗ്രഹിച്ചവരുടെ മാർഗത്തിൽ' എന്നു പറഞ്ഞതിൽ നിന്ന് ഹിദായത്ത് ലഭിച്ചവർക്കെല്ലാം അത് ലഭിച്ചത് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവുമായി കൊണ്ട് മാത്രമാണെന്ന ഓർമ്മപ്പെടുത്തലുണ്ട്. (നോക്കുക: നിസാഅ്: 83, 113, നൂർ: 21) (തഫ്സീർ ഇബ്നി ഉഥൈമീൻ: 1/19)

അടിത്തറകൾ

സൂറ. ഫാതിഹഃ ഖുർആനിന്റെ ആമുഖവും പൊരുളുമാണ്. ഇസ്‌ലാമിലെ പൊതുഅടിത്തറകൾ മനോഹരമായി സൂറ. ഫാതിഹഃയിൽ ഇടകലർന്നിരിക്കുന്നു. ഇവ മാത്രം വിശദീകരിച്ചു കൊണ്ട് എഴുതപ്പെട്ട അനേകം ഗ്രന്ഥങ്ങൾ തന്നെ ഇസ്‌ലാമിക ലോകത്തുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് ചുരുങ്ങിയ രൂപത്തിൽ ഇവിടെ വിവരിക്കാം. [1]

1- തൗഹീദിന്റെ ഇനങ്ങൾ (أَنْوَاعُ التَّوْحِيدِ).

ഇസ്‌ലാമിലെ പ്രഥമ കൽപ്പന തൗഹീദാണ്. അല്ലാഹുവിന് മാത്രം പ്രത്യേകമായ കാര്യങ്ങളിൽ അവനെ ഏകനാക്കുക എന്നതാണ് തൗഹീദിന്റെ ഉദ്ദേശ്യം. അല്ലാഹുവിനെ ഒരാൾ ഏകനാക്കേണ്ട കാര്യങ്ങൾ മൂന്ന് അടിത്തറകളിൽ ചുരുക്കി പറയുക സാധ്യമാണ്. ഈ മൂന്ന് അടിത്തറകളും സൂറ. ഫാതിഹയിലെ ആയത്തുകളിലുണ്ട്.

തൗഹീദിന്റെ ഈ മൂന്ന് അടിത്തറകൾ ഇനി പറയും വിധമാണ്.

ഒന്ന്: അല്ലാഹു മാത്രമാണ് റബ്ബ് (ലോകരക്ഷിതാവ്) എന്ന വിശ്വാസം (تَوْحِيدُ الرُّبُوبِيَّةِ). അല്ലാഹുവാണ് പ്രപഞ്ചത്തെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ഉടമപ്പെടുത്തുകയും, ജീവൻ നൽകുകയും മരിപ്പിക്കുകയും, മഴവർഷിക്കുകയും ഉപജീവനം നൽകുകയും ചെയ്യുന്നത് എന്ന വിശ്വാസമാണ് ഇതു കൊണ്ട് ഉദ്ദേശ്യം. 'അല്ലാഹു ലോകങ്ങളുടെ റബ്ബാണ്' എന്ന ആദ്യ വചനത്തിലെ പ്രസ്താവനയിൽ തൗഹീദിന്റെ ഈ ഇനത്തിലേക്കുള്ള സൂചനയുണ്ട്.

1 തഫ്സീർ ഖയ്യിം: 7-11, മദാരിജുസ്സാലികീൻ / ഇബ്നുൽ ഖയ്യിം: 1/99-100, ഫവാഇദ് / ഇബ്നുൽ ഖയ്യിം: 39-40, ഹിദായാത്തുൻ മിൻ സൂറത്തിൽ ഫാതിഹഃ / ശൈഖ് അബ്ദുൽ റസാഖ് അൽബദ്ർ, ഫാതിഹഃ ഉമ്മുൽ ഖുർആൻ വ സിർറു സ്വലാഹ് / സ്വാലിഹ് ആലുശൈഖ്.

രണ്ട്: അല്ലാഹു മാത്രമാണ് ഇലാഹ് (ഏകആരാധ്യൻ) എന്ന വിശ്വാസം (تَوْحِيدُ الأُلُوهِيَّةِ). ആരാധനകളായി എന്തെല്ലാം കാര്യങ്ങളുണ്ടോ, അവയെല്ലാം അല്ലാഹുവിന് മാത്രമേ നൽകാവൂ. അവന് പുറമെ ഒരാൾക്ക് ആരാധിക്കപ്പെടാൻ അർഹതയില്ലെന്നും, അങ്ങനെ ആരെങ്കിലും ആരാധിക്കപ്പെടുന്നുവെങ്കിൽ അവയും അവക്കുള്ള ആരാധനയും ഏറ്റവും വലിയ അതിക്രമവും അനീതിയുമാണെന്നുമുള്ള വിശ്വാസമാണ് ഇത് കൊണ്ട് ഉദ്ദേശ്യം. 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' എന്ന കരാർ പ്രഖ്യാപനത്തിൽ തൗഹീദിന്റെ ഈ ഇനത്തിലേക്കുള്ള സൂചനയുണ്ട്.

മൂന്ന്: അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷണങ്ങളിലും അവൻ ഏകനാണ് (تَوْحِيدُ الأَسْمَاءِ وَالصِّفَاتِ). അല്ലാഹുവിന്റെ നാമങ്ങളിൽ അവനുള്ള ഈ ഏകത്വവും, അവന്റെ വിശേഷണങ്ങളിലേക്കുള്ള സൂചനയും സൂറത്തുൽ ഫാതിഹഃയിലെ ആദ്യവചനങ്ങളിലുണ്ട്. റഹ്മാൻ, റഹീം, മലിക് എന്നീ നാമങ്ങൾ വ്യക്തമായി ഇവയിൽ വന്നിരിക്കുന്നു. ഈ പേരുകളിലും വിശേഷണങ്ങളിലും അല്ലാഹുവിനെ ഏകനാക്കണമെന്ന സൂചന അവയിലുണ്ട്.

തൗഹീദിന്റെ ഈ മൂന്ന് ഇനങ്ങളും ഒരുമിച്ചു പരാമർശിക്കപ്പെട്ട ആയത്തുകളിലൊന്നാണ് സൂറ. മർയമിലെ ഈ വചനം.

رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا فَٱعْبُدْهُ وَٱصْطَبِرْ لِعِبَٰدَتِهِۦ ۚ هَلْ تَعْلَمُ لَهُۥ سَمِيًّا ﴿٦٥﴾

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ." - "അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക." - "അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?" (മർയം: 65)

2- ഇബാദത്തിന്റെ നിബന്ധനകൾ (شُرُوطُ العِبَادَةِ).

അല്ലാഹുവിങ്കൽ ഏതൊരു ആരാധന സ്വീകരിക്കപ്പെടണ മെങ്കിലും പാലിക്കപ്പെട്ടിരിക്കേണ്ട രണ്ട് സുപ്രധാന നിബന്ധന കളുണ്ട്.

അല്ലാഹുവിന് മാത്രം നിഷ്കളങ്കമായി നിർവ്വഹിക്കപ്പെട്ട ആരാധന ആയിരിക്കണം അത് എന്ന ഇഖ്ലാസിന്റെ (الإخْـلَاصُ) നിബന്ധനയാണ് ഒന്നാമത്തേത്. നബി -ﷺ- പഠിപ്പിച്ചു നൽകി യ മാതൃകയിലായിരിക്കണം അല്ലാഹുവിനെ ആരാധിക്കേണ്ട ത് എന്ന ഇത്തിബാആണ് (الاتِّبَاعُ) രണ്ടാമത്തേത്.

ഒന്ന്: നിഷ്കളങ്കമായ ആരാധന (الإخْلَاصُ).

അല്ലാഹുവിനുള്ള ആരാധനയിൽ വിഗ്രഹങ്ങളെയോ ന ബിമാരെയോ ഔലിയാക്കളെയോ പങ്കുചേർത്താൽ ഇസ്‌ലാ മിൽ നിന്ന് തന്നെ പുറത്തു പോകാൻ കാരണമാകുന്ന ശിർക്ക് എന്ന ഗുരുതരതിന്മയിലാണ് അത് ഉൾപ്പെടുക. ഇസ്‌ലാമിലെ ഏറ്റവും വലിയ അതിക്രമം അതാണ്. ഇഖ്ലാസിനെ പരിപൂർ ണ്ണമായി നശിപ്പിക്കുന്ന തിന്മയാണത്.

തന്റെ ആരാധന ജനങ്ങളെ കാണിക്കുക എന്നതോ അവ രുടെ പ്രശംസി ആഗ്രഹിക്കുക എന്നതോ പോലുള്ള തരംതാ ഴ്ന്ന ലക്ഷ്യങ്ങളാണ് ഒരാളുടെ ആരാധനകൾക്ക് പിന്നിലുള്ളത് എങ്കിൽ അത് ചെറിയ ശിർക്കിലാണ് ഉൾപ്പെടുക. ഏതെങ്കിലും പ്രവർത്തനങ്ങളിൽ ചെറിയ ശിർക്ക് സംഭവിക്കുന്നു എങ്കിൽ അത് അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടില്ല എന്നും, അതിന് പ്ര തിഫലത്തിന് പകരം കടുത്ത ശിക്ഷയാണ് ലഭിക്കുക എന്നും പ്രത്യേകം ഓർക്കുക. ഇഖ്ലാസിന് വിരുദ്ധമാണ് ഇക്കാര്യവും.

സൂറ. ഫാതിഹയിൽ, 'നിന്നെ മാത്രം ഞങ്ങളെ ആരാധി ക്കുന്നു' എന്ന കരാറിന്റെ വചനം പാരായണം ചെയ്യുമ്പോൾ ഇബാദത്തുകളിൽ ഇഖ്ലാസ് കാത്തുസൂക്ഷിച്ചു കൊള്ളാം എന്ന കരാറാണ് അവൻ അല്ലാഹുവുമായി ചെയ്യുന്നത്.

രണ്ട്: നബി -ﷺ- യെ പിൻപറ്റൽ (الاتِّبَاعُ).

നബി -ﷺ- പഠിപ്പിച്ചു നൽകാത്ത ഏതെങ്കിലും ആരാധന

കൾ ഇസ്‌ലാമിന്റെ പേരിൽ ആരെങ്കിലും കൊണ്ടുവന്നാൽ അത് തള്ളപ്പെടുന്നതാണ്. അല്ലാഹുവും അവന്റെ റസൂലും -ﷺ- ശക്തമായി താക്കീത് നൽകിയ ബിദ്അത്തുകളിൽ (പുത്തനാചാരാങ്ങൾ) ആണ് അവ ഉൾപ്പെടുക. വിശ്വാസത്തിലും കർമ്മങ്ങളിലും ആചാരങ്ങളിലുമെല്ലാം ബിദ്അത്തുകൾ സംഭവിക്കാം. ഇവയെല്ലാം ഒഴിച്ചു നിർത്തുക എന്നത് ഒരു മുസ്‌ലിമിന്റെ മേൽ നിർബന്ധമാണ്.

'സ്വിറാത്തുൽ മുസ്തഖീമിലേക്ക് ഞങ്ങളെ നയിക്കേണമേ! നീ അനുഗ്രഹിച്ചവരുടെ മാർഗത്തിലേക്ക് (ഞങ്ങളെ നയിക്കേണമേ)' എന്ന സൂറ. ഫാതിഹഃയിലെ പ്രാർത്ഥനയിൽ ഈ പറഞ്ഞതിനുള്ള സൂചനയുണ്ട്. അല്ലാഹു അനുഗ്രഹിച്ചവരായ നബി -ﷺ- യുടെയും അവിടുത്തെ പിൻപറ്റിയ സ്വഹാബികളുടെയും മാർഗത്തിൽ നിന്ന് വ്യത്യസ്തമായി ഒരാൾ എന്തെങ്കിലുമൊന്ന് പുതുതായി നിർമ്മിക്കുകയും, അത് നല്ലതാണ് എന്ന് അവകാശപ്പെടുകയും ചെയ്താൽ അവരുടെ മാർഗത്തിന് അവൻ വിരുദ്ധമായി എന്നാണല്ലോ? അതാകട്ടെ, ഈ പ്രാർത്ഥനക്ക് വിരുദ്ധമാണ് താനും.

ഇബാദത്തിന്റെ ഈ രണ്ട് നിബന്ധനകളും ഒരുമിച്ചു പരാമർശിക്കപ്പെട്ട വചനമാണ് സൂറ. കഹ്ഫിലെ ഈ വചനം:

فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا ﴿١١٠﴾

"അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കട്ടെ." - "തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ." (കഹ്ഫ്: 110)

3- ഇബാദത്തിന്റെ സ്തംഭങ്ങൾ (أَرْكَانُ الْعِبَادَةِ).

അല്ലാഹുവിനുള്ള ആരാധനകൾ (ഇബാദത്തുകൾ) നിർവ്വഹിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന അനേകം ഘടകങ്ങളുണ്ട്. എന്നാൽ ആരാധനകളിൽ നിർബന്ധമായും നിലകൊള്ളുന്ന മൂന്നു പ്രേരകങ്ങൾ ഇബാദത്തിന്റെ സ്തംഭങ്ങൾ (റുക്നു

കൾ) എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

(1) അല്ലാഹുവിലുള്ള പ്രതീക്ഷ (الرَّجَاءُ بِاللَّهِ).

(2) അല്ലാഹുവിനോടുള്ള ഭയം (الخَوْفُ مِنَ اللَّهِ).

(3) അല്ലാഹുവിനോടുള്ള സ്നേഹം (مَحَبَّةُ اللَّهِ).

നന്മകൾ ചെയ്യുമ്പോൾ പ്രത്യേകിച്ചും, തിന്മകൾ ഉപേക്ഷിക്കുമ്പോൾ പൊതുവിലും അല്ലാഹുവിന്റെ പ്രതിഫലത്തിലുള്ള പ്രതീക്ഷ ഒരു മുഅ്മിനിന്റെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കും. അവന്റെ കാരുണ്യത്തിലും തൃപ്തിയിലും, അല്ലാഹു ഒരുക്കി വെച്ച സ്വർഗത്തിലുമുള്ള പ്രതീക്ഷ ആരാധനകളിലേക്ക് നയിക്കുന്ന പ്രധാന പ്രേരകമാണ്. 'അല്ലാഹു റഹ്മാനും റഹീമുമാണെന്ന' സൂറ. ഫാതിഹഃയിലെ അറിയിപ്പ് അവനെ കുറിച്ചുള്ള പ്രതീക്ഷ അധികരിപ്പിക്കുന്ന ഏറ്റവും ഹൃസ്വവും അർത്ഥസമ്പുഷ്ടവുമായ പ്രസ്താവനയാണ്.

ഇതിന്റെ നേർവിപരീത ദിശയിലാണ്, അല്ലാഹുവിനോടുള്ള ഭയം നിലകൊള്ളുന്നത്. ചെയ്യണമെന്ന് ആഗ്രഹമുള്ള തിന്മകൾ പ്രവർത്തിക്കാതെ ഉപേക്ഷിക്കുമ്പോൾ പ്രത്യേകിച്ചും, നന്മകളിൽ കുറവു വരുത്താതെ തുടരുമ്പോൾ പൊതുവിലും അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ വന്നെത്തും. അവൻ ഒരുക്കി വെച്ച നരകത്തിൽ പ്രവേശിച്ചു പോയേക്കുമോ എന്ന ഭയം അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകളെ ധിക്കരിക്കുന്നതിൽ നിന്ന് അവനെ തടയും. 'പ്രതിഫലനാളിന്റെ ഉടമസ്ഥനാണ് അല്ലാഹു' എന്ന സൂറത്തുൽ ഫാതിഹഃയിലെ ഓർമ്മപ്പെടുത്തൽ ഈ ഭയം ഹൃദയത്തിൽ നിറക്കുന്ന ഓർമ്മപ്പെടുത്തലാണ്.

അല്ലാഹുവിനോടുള്ള സ്നേഹം ആരാധനകളുടെ അടിത്തറയാണ്. അവന്റെ കൽപ്പനകൾ അനുസരിക്കുന്നതും വിലക്കുകൾ ഉപേക്ഷിക്കുന്നതും ഒരാൾക്ക് എളുപ്പമാകുന്നത് അല്ലാഹുവിനോടുള്ള അവന്റെ ഇഷ്ടത്തിന്റെ തോതനുസരിച്ചായിരിക്കും. അല്ലാഹുവിന് ഇഷ്ടമുള്ളതെല്ലാം അവനും ഇഷ്ടമാകുമ്പോൾ, സുന്നത്തായ (ഐച്ഛികമായ) കർമ്മങ്ങൾ പ്രവർത്തി

ക്കുന്നത് അവന് ആവേശകരമായ അനുഭവമാകുന്നു. അല്ലാഹുവിന് ഇഷ്ടക്കുറവുണ്ടാക്കുന്ന കാര്യങ്ങൾ -അവ അടിസ്ഥാനപരമായി ഹറാമോ നിഷിദ്ധമോ അല്ലെങ്കിൽ പോലും-, അവ ഉപേക്ഷിക്കുക എന്നത് അവന് ലളിതമാകുന്നു.

'അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും' എന്ന വാചകം അല്ലാഹുവിനോടുണ്ടാകേണ്ട ഈ സ്നേഹത്തെ കുറിച്ച് അറിയിക്കുന്നു. ഈ ആയത്തിന്റെ വിശദീകരണത്തിൽ മുൻപ് പറഞ്ഞതു പോലെ, സ്നേഹത്തോടെയും ആദരവോടെയും അല്ലാഹുവിന്റെ നന്മകൾ വാഴ്ത്തുന്നതിനാണ് 'സ്തുതി - ഹംദ്' എന്ന് പറയുന്നത്.

അല്ലാഹുവിനോടുള്ള ഭയവും അവനിലുള്ള പ്രതീക്ഷയും ഒരു പക്ഷിയുടെ ചിറകുകൾക്ക് സമാനമാണെങ്കിൽ, ഉടലിന്റെ സ്ഥാനമാണ് അല്ലാഹുവിനോടുള്ള സ്നേഹത്തിനുള്ളത് എന്ന് മുൻഗാമികളിൽ ചിലർ വിവരിച്ചിട്ടുണ്ട്. ഈ മൂന്നും ഒരു മുഅ്മിനിനെ സംബന്ധിച്ചിടത്തോളം അനിവാര്യവും അത്യന്താപേക്ഷിതവുമാണ്.

ഒരാൾ സ്നേഹം കൊണ്ട് മാത്രമായി അല്ലാഹുവിനെ ആരാധിച്ചാൽ അവൻ മതനിഷേധത്തിലേക്ക് എത്തിച്ചേർന്ന അതിരുകവിഞ്ഞ സ്വൂഫികളുടെ മാർഗത്തിലാണ് അകപ്പെട്ടിരിക്കുന്നത്; അല്ലാഹുവിന്റെ സ്വർഗത്തെയും നരകത്തെയും നിസ്സാരപ്പെടുത്തുന്നതിലേക്കാണ് അവരുടെ അജ്ഞതയും വഴികേടും അവരെ എത്തിച്ചത്.

ആരെങ്കിലും അല്ലാഹുവിനോടുള്ള ഭയത്തിന്റെ കാര്യത്തിൽ അതിരുകവിഞ്ഞാൽ അവൻ പിഴച്ച കക്ഷിയായ ഖവാരിജുകളുടെ മാർഗത്തിലേക്കാണ് എത്തിപ്പെടുക; വൻപാപങ്ങൾ ചെയ്തവൻ കാഫിറാകുമെന്നും അവരെ അല്ലാഹു നരകത്തിൽ ശാശ്വതരായി ശിക്ഷിക്കുമെന്നുമുള്ള കടുത്ത അതിവാദത്തിലേക്കാണ് ഇതിലൂടെ അവർ എത്തിപ്പെട്ടത്.

ആരെങ്കിലും അല്ലാഹുവിലുള്ള പ്രതീക്ഷയുടെ കാര്യത്തിൽ അതിരുകവിഞ്ഞാൽ അവൻ പിഴച്ച കക്ഷിയായ മുർജിയാ

ക്കളുടെ മാർഗത്തിലാണ് എത്തിപ്പെടുക; കേവലം ഹൃദയത്തിൽ വിശ്വാസമോ ഇസ്‌ലാം സത്യമാണെന്ന അറിവോ ഉണ്ടെങ്കിൽ പിന്നെ ഏതു തിന്മകൾ പ്രവർത്തിച്ചാലും കുഴപ്പമില്ലെന്ന മതനിരാസത്തിന്റെ വഴിയിലേക്കാണ് ഈ പിഴച്ച ചിന്ത കാരണത്താൽ അവർ എത്തിപ്പെട്ടത്.

യഥാർത്ഥ വിശ്വാസികൾ അല്ലാഹുവിനെ സ്നേഹിച്ചു കൊണ്ടും, അവന്റെ ശിക്ഷയെ ഭയപ്പെട്ടു കൊണ്ടും, അവന്റെ പ്രതിഫലത്തിൽ പ്രതീക്ഷ വെച്ചു കൊണ്ടുമാണ് അവനെ ആരാധിക്കുക. ഇബാദത്തിന്റെ ഈ മൂന്ന് സ്തംഭങ്ങളിലേക്കും സൂചന നൽകുന്ന ഖുർആനിലെ വചനമാണ് സൂറ. ഇസ്റാഇലെ ഈ വചനം.

أُوْلَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ

"അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപന മാർഗം തേടിക്കൊണ്ടിരിക്കുകയാണ്." അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) "അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു." (ഇസ്റാഅ്: 57)

4- ഇസ്‌ലാം മതത്തിന്റെ മൂന്ന് അടിത്തറകൾ (أُصُولُ الدِّيَانَةِ):

ഇസ്‌ലാം ആദിമ മനുഷ്യന്റെ മതമാണ്. ആദം നബി -ﷺ- മുസ്‌ലിമായിരുന്നു; അദ്ദേഹത്തിന്റെ പത്നി ഹവ്വാഉം -ﷺ- മുസ്‌ലിമായിരുന്നു. ശേഷം വന്ന പത്തു തലമുറകളും മുസ്‌ലിംകളായിരുന്നു. പിന്നീട് അവരിൽ ബഹുദൈവാരാധന ഉടലെടുത്തപ്പോൾ അല്ലാഹു ആദ്യത്തെ നബിയായ നൂഹ് നബി -ﷺ-യെ നിയോഗിച്ചു. അതിന് ശേഷം ജനങ്ങൾ വഴിപിഴക്കുമ്പോഴെല്ലാം അനേകം നബിമാർ അല്ലാഹുവിന്റെ ദൂതന്മാരായി വന്നെത്തി. അന്തിമ നബിയായ മുഹമ്മദ് നബി -ﷺ- വരെയുള്ള ഈ ദൂതന്മാരെല്ലാം മുസ്‌ലിംകളായിരുന്നു.

ഈ നബിമാരെല്ലാം തങ്ങളുടെ ജനങ്ങളെ പഠിപ്പിച്ച അടി

ത്തറകൾ ഒന്നു തന്നെയാണ്. ഓരോ കാലഘട്ടത്തിലെയും ആരാധനകളുടെ രീതികളിലും കർമ്മശാസ്ത്രപരമായ വിധിവിലക്കുകളിലും അന്തരങ്ങൾ കാണാമെങ്കിലും അവരുടെ അടിത്തറ ഒന്നായിരുന്നു. അവരെല്ലാം ക്ഷണിക്കുകയും പാലിക്കുകയും ചെയ്ത ആ അടിത്തറ മൂന്ന് വിഷയങ്ങളിൽ പ്രധാനമായും ഊന്നിനിൽക്കുന്നു. അവ ഇപ്രകാരമാണ്:

(1) തൗഹീദ് (അല്ലാഹുവിന്റെ ഏകത്വം) / التَّوْحِيدُ.

(2) ആഖിറത്ത് (പരലോകവിശ്വാസം) / الآخِرَةُ .

(3) രിസാലത്ത് (പ്രവാചകത്വം) / الرِّسَالَةُ.

ഒന്ന്: അല്ലാഹുവിന്റെ ഏകത്വം (التَّوْحِيدُ).

ഇസ്‌ലാമിലെ ഏറ്റവും പ്രഥമമായ അടിസ്ഥാനമാണ് തൗഹീദ്. സൂറ. ഫാതിഹയിൽ തൗഹീദിന്റെ മൂന്ന് അടിത്തറകളും സൂചിപ്പിക്കപ്പെട്ടതായി നാം പറഞ്ഞു കഴിഞ്ഞു. സൂക്ഷ്മമായി പാരായണം ചെയ്യുകയും, ഉറ്റാലോചിക്കുകയും ചെയ്താൽ ഫാതിഹഃയിലെ ഓരോ വചനങ്ങളിലും തൗഹീദ് തെളിഞ്ഞു കാണാൻ കഴിയുമെന്നതാണ് സത്യം. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ നമുക്ക് കൂടുതൽ അവഗാഹം നൽകുമാറാകട്ടെ!

രണ്ട്: ആഖിറത്ത് (الآخِرَةُ).

മനുഷ്യരുടെ യഥാർത്ഥ ജീവിതം മരണത്തിന് ശേഷമാണ് ആരംഭിക്കുന്നത് എന്നും, ഈ ഐഹികജീവിതം അവിടേക്കുള്ള വിഭവങ്ങൾ ഒരുക്കാനുള്ള കൃഷിയിടം മാത്രമാണെന്നും, ഇവിടെ നന്മ ചെയ്തവർക്ക് സ്വർഗവും തിന്മ ചെയ്തവർക്ക് നരകശിക്ഷയും ലഭിക്കുന്ന പരലോകഗേഹം നമ്മെ കാത്തിരിക്കുന്നുണ്ടെന്നുമുള്ള വിശ്വാസമാണ് ആഖിറത്തിലുള്ള വിശ്വാസം എന്നത് കൊണ്ട് ഉദ്ദേശ്യം. 'പ്രതിഫലനാളിന്റെ ഉടമസ്ഥൻ' എന്ന വചനത്തിൽ പരലോകവിശ്വാസത്തെ കുറിച്ചുള്ള വ്യക്തമായ ഓർമ്മപ്പെടുത്തൽ തന്നെ കാണാം.

മൂന്ന്: രിസാലഃ.

അല്ലാഹു അങ്ങേയറ്റം കാരുണ്യമുള്ളവനാണ്. അവനൊരിക്കലും തന്റെ അടിമകൾക്ക് ശരിയുടെ വഴിയും തെറ്റിന്റെ മാ

ർഗവും വേർതിരിച്ചു നൽകാതെ അവരെ അവഗണിച്ചു വിടുകയും പരിഭ്രാന്തരായി ഉപേക്ഷിക്കുകയും ചെയ്യില്ല. മറിച്ച് സത്യം അറിയിച്ചു നൽകുന്ന പ്രവാചകന്മാരെ അവൻ നിയോഗിക്കുകയും, അല്ലാഹുവിന്റെ പക്കൽ നിന്നുള്ള തെളിവുകൾ അവർക്കൊപ്പം അവൻ അയക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രവാചകന്മാരിൽ വിശ്വസിക്കുകയും, അവരെ അനുസരിക്കുകയും ചെയ്യുക എന്നതാണ് പ്രവാചകത്വത്തിലുള്ള വിശ്വാസം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

'അല്ലാഹു റഹ്മാനും റഹീമുമാണെന്ന' വചനത്തിൽ അവൻ ദൂതന്മാരെ നിയോഗിക്കാതെ തന്റെ അടിമകളെ വ്യഥാവിലാക്കുകയില്ല എന്ന സൂചനയുണ്ട്. നബി -ﷺ- യെ കുറിച്ച് 'അവിടുന്ന് ലോകർക്കുള്ള കാരുണ്യമാണ്' എന്ന് ഖുർആനിൽ പ്രസ്താവിക്കപ്പെട്ടത് ഇവിടെ ഓർക്കാവുന്നതാണ്.

'നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ' എന്ന വാക്യത്തിലും പ്രവാചകന്മാരുടെ മാർഗം പിൻപറ്റണമെന്ന ഓർമ്മപ്പെടുത്തലുണ്ട്; അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചവരിൽ ഏറ്റവും മുൻപന്തിയിലുള്ളവർ നബിമാരും അവരെ പിൻപറ്റിയവരുമാണെന്നതിൽ സംശയമില്ല.

5- വാഗ്ദാനവും താക്കീതും (الوَعْدُ وَالوَعِيدُ أَوْ التَّرْغِيبُ وَالتَّرْهِيبُ):

ഇസ്‌ലാമിക പ്രമാണങ്ങളിൽ പൊതുവായി കാണപ്പെടുന്ന, ഖുർആനിന്റെ പൊതുശൈലിയായി എണ്ണപ്പെട്ട കാര്യമാണ് അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ചുള്ള വാഗ്ദാനവും, അവന്റെ ശിക്ഷയെ കുറിച്ചുള്ള താക്കീതും ഒരുമിപ്പിക്കുക എന്നത്. ഖുർആനിൽ അനേകമനേകം ഇടങ്ങളിൽ ഈ പറഞ്ഞതിനുള്ള ഉദാഹരണം കാണാൻ കഴിയും.

ഇതിലൂടെ അടിമയെ ഭയത്തിലും പ്രതീക്ഷയിലും ഒരു പോലെ വളർത്തിയെടുക്കാനും, നേരായ വഴിയിലൂടെ അവനെ നയിക്കാനും സാധിക്കും. ഭയം അധികരിച്ചതിനാൽ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശയടഞ്ഞവനോ, പ്രതീക്ഷ അധികരിച്ചതിനാൽ അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ച് ഭയമില്ലാത്തവ

നോ ആയി ജീവിക്കുക എന്നത് തനിച്ച പിഴവാണ്.

സൂറത്തുൽ ഫാതിഹഃയിലും ഇതേ ശൈലി കാണാം. അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ചുള്ള വിവരണം അതിൽ പ്രതീക്ഷ വെക്കാൻ ഓർമ്മപ്പെടുത്തുകയും, അവൻ പ്രതിഫലനാളിന്റെ ഉടമസ്ഥനും രാജാവുമാണെന്ന വിവരണം അവന്റെ ശിക്ഷയേയും വിചാരണയെയും ഭയക്കാനും ഓർമ്മപ്പെത്തുന്നു.

ഫാതിഹഃയിൽ തന്നെ മറ്റൊരിടത്തു കൂടെ ഈ ശൈലി ആവർത്തിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗത്തിലേക്ക് ചേർക്കാൻ പ്രാർത്ഥിപ്പിക്കുന്നതിലൂടെ അവന്റെ അനുഗ്രഹത്തിൽ പ്രതീക്ഷ വെക്കാനും അതിനായി അവനോട് തേടാനുമുള്ള ഓർമ്മപ്പെടുത്തൽ കാണാം. കോപിക്കപ്പെട്ടവരെയും വഴിപിഴച്ചവരെയും കുറിച്ച് പരാമർശിച്ചതിൽ അല്ലാഹുവിന്റെ കോപത്തെയും വഴികേടിലേക്ക് എത്തിപ്പെടുന്നതിനെയും ഭയക്കാനുള്ള താക്കീതും കാണാം.

നബിമാരെ നിയോഗിച്ചതിന്റെ ലക്ഷ്യം സന്തോഷവാർത്ത അറിയിക്കലും താക്കീത് നൽകലുമാണെന്ന് അറിയിക്കുന്ന ഖുർആനിലെ ആയത്തുകളിലെല്ലാം ഈ രണ്ട് കാര്യങ്ങളിലേക്കുമുള്ള സൂചനയുണ്ട്. സൂറ. ബഖറയിലെ ഈ വചനം അതിന് ഉദാഹരണമാണ്:

كَانَ ٱلنَّاسُ أُمَّةً وَٰحِدَةً فَبَعَثَ ٱللَّهُ ٱلنَّبِيِّـۧنَ مُبَشِّرِينَ وَمُنذِرِينَ

"മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു." (ബഖറ: 213)

6- അജ്ഞതയും അതിക്രമവും (الظُّلْمُ وَالجَهْلُ).

മനുഷ്യരുടെ വഴിപിഴവിന് കാരണമാകുന്ന രണ്ട് അപകടങ്ങളെ കുറിച്ചുള്ള സൂചന സൂറ. ഫാതിഹയിലുണ്ട്.

ഒന്ന്; അതിക്രമമാണ് (الظُّلْمُ). രണ്ടാമത്തേത് അജ്ഞതയും (الجَهْلُ). സത്യത്തിന് എതിരാകുന്ന ഒരാളിൽ ഇതിൽ ഏതെങ്കിലുമൊരു കാരണം ഉണ്ടാകാതെ തരമില്ല. ഒന്നല്ലെങ്കിൽ സ

ത്യം അറിഞ്ഞിട്ടും സ്വീകരിക്കാതിരിക്കുക എന്ന അതിക്രമം. അല്ലെങ്കിൽ സത്യം അറിയാത്തത് കൊണ്ടുള്ള തിരസ്കരണം. സൂറ. ഫാതിഹഃയിലെ അവസാന വചനങ്ങളിൽ ഇത് കാണാം.

ഉദ്ദേശങ്ങളിൽ പാളിച്ചയുണ്ടാവുമ്പോഴാണ് അതിക്രമം സംഭവിക്കുന്നത്; അറിവുണ്ടായിട്ടും സത്യം തിരസ്കരിക്കാൻ യഹൂദരെ പ്രേരിപ്പിച്ചത് അവരുടെ മനസ്സിലെ ദുരുദ്ധ്യേശങ്ങളാ യിരുന്നു. അഹങ്കാരവും അസൂയയും അഹംഭാവവും ധിക്കാര വും അവരുടെ ലക്ഷ്യം മാറ്റിമറിച്ചു; അതോടെ അവർ കടുത്ത അതിക്രമങ്ങൾക്ക് തുനിഞ്ഞു.

അജ്ഞതയാണ് നസ്വാറാക്കൾക്ക് സംഭവിച്ച പാളിച്ചയു ടെ കാരണം. അവർ അല്ലാഹുവിനെ ആരാധിക്കാനും അവ ന്റെ തൃപ്തി നേടാനും ആഗ്രഹിച്ചു കൊണ്ടാണ് തങ്ങളുടെ ശ്ര മങ്ങൾ ആരംഭിച്ചത് എങ്കിലും അവർക്ക് അറിവുണ്ടായിരുന്നി ല്ല. സത്യം അന്വേഷിച്ചറിയുന്നതിൽ അവർ തീർത്തും അലസത കാണിച്ചു.

ചുരുക്കത്തിൽ, ഒരാൾക്ക് അറിവുണ്ടെങ്കിലും ഉദ്ദേശ്യം ശ രിയല്ലെങ്കിൽ അയാൾ വഴിപിഴക്കും. ഉദ്ദേശ്യം ശരിയാണെങ്കി ലും അറിവില്ലെന്നാണെങ്കിൽ, അതും വഴികേടിലേക്കെത്തും. നല്ല ഉദ്ദേശ്യമില്ലാത്ത അറിവും, അജ്ഞത നിറഞ്ഞ നല്ല ഉദ്ദേശ്യ വും അപകടമാണെന്നർത്ഥം.

ഈ രണ്ട് അപകടങ്ങളിൽ നിന്നും രക്ഷപ്പെടണമെങ്കിൽ അറിവു നേടുകയും മനസ്സിന്റെ ഉദ്ദേശ്യം നന്നാക്കുകയും വേ ണം. അവ രണ്ടും ശരിപ്പെടുത്താൻ കഴിഞ്ഞ -അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച- നബിമാരുടെയും അവരെ പിൻപറ്റിയവരു ടെയും മാർഗം അതായിരുന്നു.

മനുഷ്യരുടെ വഴികേടിന്റെ കാരണം അതിക്രമവും അജ്ഞ തയുമാണ് എന്നത് ഖുർആനിൽ വ്യക്തമായി വന്ന വചനമാ ണ് സൂറ. അഹ്സാബിലെ ഈ വചനം:

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا
وَحَمَلَهَا ٱلْإِنسَٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾

"തീർച്ചയായും നാം ആ വിശ്വസ്ത ദൗത്യം (ഉത്തരവാദിത്തം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവ്വതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെപ്പറ്റി അവയ്ക്ക് പേടി തോന്നുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിരിക്കുന്നു." (അഹ്സാബ്: 72)

تَمَّ تَفْسِيرُ سُورَةِ الفَاتِحَةِ، وَالحَمْدُ لِلَّـهِ رَبِّ العَالَمِينَ.

കുറിപ്പുകൾ